

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരുന്നാവായ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം17/2377/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/11/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുന്നാവായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം17/2377/2025 തീയ്യതി: 24/11/2025

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 14-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അശ്റഫ് പെരുമ്പള്ളി, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	15-09-2025	24-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-09-2025	24-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രി.മുഹമ്മദ് ഫാറൂക്ക്. കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷജീർ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീത് ബാബു. കെ.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മൊയ്തീൻ ഫാസിൽ. കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുഹറാബി കൊട്ടാരത്ത്	പ്രസിഡന്റ്	01-04-2024	01-07-2024
ശ്രീ. കെ.ടി മുസ്തഫ	പ്രസിഡന്റ്	02-07-2024	29-08-2024
ശ്രീ.ആയപ്പ	പ്രസിഡന്റ്	30-08-2024	31-03-2025
ശ്രീ. സന്തോഷ് കുമാർ. ജി.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അനിത. ജെ	അസി.സെക്രട്ടറി	01-04-2024	19-09-2024
ശ്രീ. ആർ രാജേഷ്	അസി.സെക്രട്ടറി	20-09-2024	04-10-2024
ശ്രീമതി. അനിത. ജെ	അസി.സെക്രട്ടറി	05-10-2024	23-10-2024
ശ്രീ. സുനിൽ കുമാർ. എസ്.എസ്	അസി.സെക്രട്ടറി	24-10-2024	31-03-2025
ശ്രീമതി. നീതു. ബി	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ. മൊയ്തീൻ കെ.പി	മെഡിക്കൽ ഓഫീസർ(അലോപ്പതി)	01-04-2024	31-03-2025
ശ്രീമതി. ഹുസ്ന കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	23-04-2024
ശ്രീമതി. റജില. കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	24-04-2024	31-03-2025
ശ്രീ. ബാബു മോൻ	വി.ഇ.ഒ	01-04-2024	31-03-2025
ശ്രീ. രാജേഷ്	വി.ഇ.ഒ	01-04-2024	31-03-2025

ശ്രീമതി. ഷിജി. എ. എഫ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ. ഷാജിത്ത്. കെ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ജസീല ബേക്കർ എം.മഹേഷ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. സുധർമ്മ വി.പി	അസി. എഞ്ചിനീയർ	01-04-2024	30-09-2024
ഒഴിവ്	അസി. എഞ്ചിനീയർ	01-10-2024	02-10-2025
ശ്രീ. നാരായണൻ.എം	അസി. എഞ്ചിനീയർ	03-10-2024	31-03-2025
ശ്രീമതി. ഫസ്ന. പി	കൃഷി ഓഫീസർ	01-04-2024	08-07-2024
ശ്രീമതി. നസ്രിൻ	കൃഷി ഓഫീസർ	09-07-2024	02-09-2024
ശ്രീമതി. ഫസ്ന. പി	കൃഷി ഓഫീസർ	03-09-2024	27-11-2024
ശ്രീമതി. നഷ്വ. സി.പി	കൃഷി ഓഫീസർ	28-11-2024	10-03-2025
ശ്രീ. അശ്വിൻ. എസ്	കൃഷി ഓഫീസർ	11-03-2025	31-03-2025

.

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-2
4	വാർഷിക പത്രികയിലെ ചെലവും എ.സി.ആറിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	ഡെപ്പോസിറ്റുകളുടെ മുൻകൂർ വിശദാംശം ലഭ്യമല്ല	1-1-4
6	അഡ്വാൻസ് നൽകിയതിന്റെ വിശദാംശം ലഭ്യമല്ല	1-1-5
7	ബാങ്കിൽ നിക്ഷേപിച്ച തുക ക്ലിയർ ചെയ്യാൻ അവശേഷിക്കുന്നു	1-1-6
8	എൻ.ആർ.ഇ.ജിഎസ്-ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയിൽ വ്യത്യാസം	1-1-7
9	വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമപദ്ധതികൾ	1-7
16	ക്യാഷ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം	1-11
20	ജൽജീവൻ മിഷൻ പദ്ധതി അവലോകനം	1-12
21	തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-13
22	വാടക ഈടാക്കാൻ അവശേഷിക്കുന്നു.	1-14
23	ഡെപ്പോസിറ്റ് തുകകളുടെ മുൻകൂർ വിശദാംശം ലഭ്യമല്ല	1-15
24	രോഗ പ്രതിരോധ പ്രവർത്തനങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-16
25	ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല	1-17

26	കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം വാങ്ങിയതിൽ അപാകത	1-18
27	കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങൾ നൽകിയതിൽ അപാകത	1-19
28	ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ- പദ്ധതി നടത്തിപ്പിൽ അപാകത	1-20
29	അതി ദാരിദ്ര്യർക്ക് മരുന്ന് വാങ്ങൽ- അപാകതകൾ	1-21
30	ദൈനംദിന ചെലവുകൾക്ക് പണം അനുവദിച്ചതിലെ അപാകതകൾ	1-22
31	സമഗ്ര ക്യാൻസർ നിർണയ പദ്ധതി നടത്തിപ്പിൽ അപാകത	1-23
32	വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല	1-24
33	ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കാൻ അവശേഷിക്കുന്നു.	1-25
34	അടവാക്കിയ ഫൈൻ തുക വീണ്ടും അടവാക്കി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.	1-26
35	ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല.	1-27
36	മഴക്കാല പൂർവ്വ ശുചീകരണം- ചെലവു രേഖകൾ ഹാജരാക്കിയില്ല.	1-28
37	യോഗ്യ - പത്താം ക്ലാസ്, പ്ലസ് ടു യോഗ്യതയ്ക്ക് പ്രാപ്തമാക്കൽ -തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.	1-29
38	വീടുകൾക്ക് ബയോബിൻ നൽകൽ - വിതരണം പൂർത്തിയായിട്ടില്ല. ചെലവ് തുക ₹1359950/- തടസ്സം ചെയ്യുന്നു.	1-30
39	ഭവന നിർമാണത്തിനായി തുക കൈപ്പറ്റി - നിർമാണം പൂർത്തീകരിച്ചിട്ടില്ല.	1-31
40	ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല	1-32
41	SCവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-33
42	മരാമത്ത് പ്രവൃത്തി - സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.	1- 34
43	എ.എം.എൽ.പി.എസ്- വൈരംങ്കോട് റോഡ് കോൺക്രീറ്റ്- ഒരേ പ്രവൃത്തി പ്രദേശത്ത് എം.എൽ.എ ഫണ്ടും പഞ്ചായത്ത് ഫണ്ടും വിനിയോഗിച്ചത് ക്രമപ്രകാരമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-35
44	പൊതുമരാമത്ത് പ്രവൃത്തികളുടെ	1-36

	നിർവഹണപ്രക്രിയയിലെ അപാകതകൾ - അവലോകനം	
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-10000/- രൂപ അധികം നൽകി	3-1
ഭാഗം 4		
1	മെഡിസെപ്- അവലോകനം	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.07.2025 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 24/11/2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹7357384), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹23979317) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക പത്രികയിലെ ചെലവും എ.സി.ആറിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് വാർഷിക പത്രിക പ്രകാരം 31379519/- രൂപയാണ്. എന്നാൽ എ.സി.ആർ (ജി.ഒ പദ്ധതി ചെലവ് ഉൾപ്പെടെ) പ്രകാരം ആയത് 31412634/- രൂപയാണ്.

1-1-4 ഡെപ്പോസിറ്റുകളുടെ മുൻകൂർ വിശദാംശം ലഭ്യമല്ല

വിവിധ ഇനം ഡെപ്പോസിറ്റുകളുടെ മുൻകൂർ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ഖണ്ഡിക 1-15 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-5 അഡ്വാൻസ് നൽകിയതിന്റെ വിശദാംശം ലഭ്യമല്ല

RP 49 പ്രകാരം തൻ വർഷം വിവിധ ഇനങ്ങൾക്കായി പഞ്ചായത്തിൽ നിന്നും അഡ്വാൻസ് നൽകിയിട്ടുണ്ട്. കൂടാതെ B-18 പ്രകാരം വിവിധ ഏജൻസികൾക്ക് അഡ്വാൻസ് നൽകിയത് ചെലവഴിക്കാതെയോ ക്രമീകരിക്കാതെയോ അവശേഷിക്കുന്നുമുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-6 ബാങ്കിൽ നിക്ഷേപിച്ച തുക ക്ലിയർ ചെയ്യാൻ അവശേഷിക്കുന്നു

കേരള ഗ്രാമീൺ ബാങ്കിന്റെ (A/C NO: 40105100112026) റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നിക്ഷേപിച്ച പല തുകകളും ക്ലിയർ ചെയ്യാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	വൗച്ചർ നമ്പർ	തുക
1	1241100540/05.09.24	5750
2	1241100541/05.09.24	1250
3	1241101081/07.10.24	500
ആകെ തുക		7500

1-1-7 എൻ.ആർ.ഇ.ജിഎസ്-ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയിൽ വ്യത്യാസം

എൻ.ആർ.ഇ.ജിഎസിന്റെ ക്യാഷ് ബുക്ക് പ്രകാരം ഗുണഭോക്താക്കൾക്ക് തൻ വർഷം നേരിട്ട് നൽകിയത് 14654889/- രൂപയാണ്. എന്നാൽ വാർഷിക പത്രിക I-14(C) പ്രകാരം ഗുണഭോക്താക്കൾക്ക് തൻ വർഷം നേരിട്ട് നൽകിയത് 13973977/- രൂപയാണ്.

1-1-8 വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്റർ പ്രകാരം തൻവർഷം വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക 592351/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-15 പ്രകാരം മുൻ വർഷങ്ങളിലേതായി ഈ ഇനത്തിൽ 202850/- രൂപയും തൻ വർഷത്തേതായി 628608/- രൂപയും ലഭ്യമാകാനുണ്ട്.

1-2 ബജറ്റ്

2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി	2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി
1/09.02.2024	4/25.03.2025

1-3 സാമ്പത്തിക വിശകലനം

ഇനം	തുക (₹)
മുന്നിരിപ്പ്	39387624

വരവ്	121230241
ആകെ	160617865
ചെലവ്	97247924
നീക്കിയിരിപ്പ്	63369941

1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	26668785	26668785	26226419	442366
വികസനഫണ്ട് (എസ്.സി.പി.)	0	5953006	5953006	5014100	938906
സംരക്ഷണഗ്രാന്റ് (റോഡ്)	0	29704000	29704000	18486143	11217857
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	14792000	14792000	8547044	6244956
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	18333543	18333543	10416967	7916576
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	5367658	5367658	5071881	295777
ബി ഫണ്ട്	0	94180100	94180100	94180100	0

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
380	223145194	216	106002628	0	164	56.84%

കുറിപ്പ് :-

തൻവർഷത്തിൽ ആകെ ₹20078442/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	0	1178052	1178052	1175162	2890
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	14654889	14654889	14654889	0

എൻ.ആർ ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	58240000	3810
കർഷകതൊഴിലാളി പെൻഷൻ	931200	55
വിധവാപെൻഷൻ	25880000	1693
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	513600	34
വികലാംഗപെൻഷൻ	8615300	3841

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2025 ന് 12:36 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1855/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും വിട്ട് കിട്ടിയതുമായ എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. തെരുവ് വിളക്കുകളുടെ കൃത്യവും കാലികവുമായ വിവരം ലഭിക്കുന്ന വിധം റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. തനത് ഫണ്ടിൽ നിന്നും മുൻകൂർ ഇനത്തിൽ നൽകുന്ന തുകയുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. ഇക്കാര്യത്തിൽ സൂക്ഷ്മതയും ജാഗ്രതയും പുലർത്തുന്നില്ല.

4. മാസ്റ്റർ ഇൻകൃബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.12.2022 മുതൽ 21.12.2022 വരെ	01.07.2022 മുതൽ 31.10.2022 വരെ	21.12.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	02.12.2009 മുതൽ 15.12.2009 വരെ	2004-05 മുതൽ 2008-09 വരെ	15.01.2010

1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം

ആമുഖം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911/- കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051/- കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/ FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും താഴെ ചേർക്കുന്ന 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

ക്രമ നം.	ഗ്രാന്റ് അനുവദിക്കുന്ന സ്കീമിന്റെ പേര്
1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും (ഗ്രാമ പഞ്ചായത്തുകൾ) സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും (ബ്ലോക്ക് പഞ്ചായത്തുകൾ) കെട്ടിടം നിർമ്മിക്കുവാൻ സഹായം
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം
3	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
4	ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

ഡി.കെ.എസ്.എ. /201/ PT 1/ 2025 തീയതി 16.05.2025 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക ഓഡിറ്റിന്റെ ഭാഗമായി പതിനഞ്ചാം കേന്ദ്ര ധനകാര്യക്കമ്മീഷന്റെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് ഒരു പൊതുവിഷയമായി പരിശോധന നടത്തി ഏകീകൃത സ്വഭാവമുള്ള നിരീക്ഷണങ്ങൾ / പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/15.09.2025ന് ലഭ്യമാക്കിയ മറുപടിയും 2021-22 മുതലുള്ള "സുലേഖ" ചെലവ് പത്രികകളും ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച മറ്റ് രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുനാവായ ഗ്രാമപഞ്ചായത്തിന് നാളിതു വരെ ലഭ്യമായിട്ടുള്ള ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവും ഫലപ്രാപ്തിയും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വിവരം

തിരുനാവായ ഗ്രാമപഞ്ചായത്തിന് 2021-22 വർഷം മുതൽ വിവിധ സ്കീം-1 സ്കീം-3, സ്കീം-4 എന്നിവയിലായി ഹെൽത്ത് ഗ്രാന്റ് ലഭ്യമായതിന്റെയും ആയവ ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു. ഓരോ വർഷവും ലഭ്യമായ ഹെൽത്ത് ഗ്രാന്റ് തുകകൾ അടുത്ത വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ മുഖേന ചെലവഴിച്ചതിന്റെ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും ലഭ്യമായിട്ടില്ല.

വർഷം	സ്കീം - 1 Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs			സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs			സ്കീം - 4 Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres		
	ലഭിച്ചത് (₹)	ചെലവ് (₹)	ബാക്കി (₹)	ലഭിച്ചത് (₹)	ചെലവ് (₹)	ബാക്കി (₹)	ലഭിച്ചത് (₹)	ചെലവ് (₹)	ബാക്കി (₹)
2022-23	547877	546245	1632				420000	420000	O
2023-24	1316000	1107117	208883				527000	519635	7365
2024-25	550000	0	550000				839000	0	839000

31.03.2025 വരെ സ്കീം 1,3, 4 എന്നിവ പ്രകാരം

. ആകെ ലഭ്യമായത് : (₹) 4199877

. ആകെ ചിലവഴിച്ചത് : (₹) 2592997

. ചിലവഴിക്കാന് അവശേഷിക്കുന്നത് : (₹)1606880

. ചിലവിന്റെ ശതമാനം : 61.70%

2) ഹെൽത്ത് ഗ്രാന്റ് ചെലവ് വിവരം

ഓരോ വർഷവും നടപ്പാക്കിയ പ്രോജക്ടുകൾ മുഖേന വിവിധ സ്കീമുകളിലായി ഹെൽത്ത് ഗ്രാന്റ് തുക ചെലവഴിച്ചതിന്റെ വിവരം ചുവടെചേർക്കുന്നു.

ക്രമ നം.	വർഷം	പ്രോ. നം.	പ്രോജക്ട് പേര്	പ്രോജക്ട് ഇനം (പുതിയത്/ സ്പിൽ ഓവർ)	പ്രോജക്ട് ചെലവ് (₹)		
					സ്കീം -1	സ്കീം - 3	സ്കീം - 4
1	2022-23	275	തിരുന്നാവായ ഗ്രാമ പഞ്ചായത്ത്		546245		

			2021-22 ഹെൽത്ത് ഗ്രാന്റ് രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ				
2		276	തിരുന്നാവായ ഗ്രാമ പഞ്ചായത്ത് 2021-22 ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ				420000
3	2023-24	379	തിരുന്നാവായ ഗ്രാമ പഞ്ചായത്ത് 2022-23 ഹെൽത്ത് ഗ്രാന്റ് രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ		1107117		
4		380	തിരുന്നാവായ ഗ്രാമ പഞ്ചായത്ത് 2022-23 ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ				519635

3) നീക്കിയിരിപ്പ് വിവരം
ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 31.03.2025 തീയ്യതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (പലിശ ഉൾപ്പെടെ)

സ്കീം നം.	1അക്കൗണ്ട് ശീർഷകം	നീക്കിയിരിപ്പ് (₹)
1	4105101091568	809064
4	40105101091559	870373
	ആകെ	

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരം.
ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

1-12 ജൽജീവൻ മിഷൻ പദ്ധതി അവലോകനം

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ 50:50 നിരക്കിൽ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക്തൃ വിഹിതം 10% ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു. പരിശോധനക്ക് ലഭ്യമായ രേഖകൾ ഓഡിറ്റ് എൻകൃയറിക്കുള്ള (നം.1/15.09.2025) മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 15% തുക 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽഅടവാക്കിയിട്ടില്ല.

2) ജൽജീവൻ മിഷൻ പദ്ധതിക്കായി തിരുനാവായ ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി പ്രോജക്ട് കോസ്റ്റിന്റെ 15% എല്ലാ

ഗ്രാമപഞ്ചായത്തുകളും വകയിരുത്തേണ്ടതാണെന്നും ആയതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ബജറ്റിൽ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് വകയിരുത്തിയിട്ടില്ല.

3) 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഉണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് തുക പിരിച്ചെടുത്തിട്ടില്ല.

4) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

1. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

രജിസ്റ്ററിലെക്രമ.നം	സ്ഥാപനം	ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ്
14	ബഡ്സ് സ്കൂൾ, തിരുന്നാവായ	രണ്ടാം പാദം
37	ആയുഷ് പി.എച്ച്.സി	രണ്ടാം പാദം
44	പ്രൊജക്ട് അസിസ്റ്റന്റ്	രണ്ടാം പാദം
45	സൂബി ടോയ്സ്	രണ്ടാം പാദം
46	സ്റ്റാർ ട്രേഡിംഗ്	രണ്ടാം പാദം
47	ഹാപ്പി പോളി	രണ്ടാം പാദം
50	സതേൺ റെയിൽവേ	രണ്ടാം പാദം
53	ഡി.ടി.പി.സി	

2.പഞ്ചായത്തിന്റെ ഫാക്ടിയോസ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ആയവയിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കണ്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	അനുവദിച്ച ഫാക്ടിയോസ് ലൈസൻസ് നമ്പർ	സ്ഥാപനം
1	1719/27.03.24	എം.സി.എച്ച് ആയുർ ഹെൽത്ത് സെന്റർ
2	1756/27.03.24	ക്ലാസിക് ഹോമിയോപ്പതിക് ക്ലിനിക്
3	1902/02.04.24	സിറ്റി മെഡിക്കൽ പോളി ക്ലിനിക്
4	2387/08.05.24	ഏബിൾ മെഡി സെന്റർ
5	2433/13.05.24	ബി.എം മെഡിക്കൽ സെന്റർ
6	2498/16.05.24	മുറാദ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ, കാരത്തൂർ
7	2812/31.05.24	നീതി കെയർ ഡെന്റൽ ക്ലിനിക്
8	2860/03.06.24	പ്രൈഡ് ഡെന്റൽ കെയർ
9	3095/13.06.24	ദ കൃവർ ഹോമിയോപ്പതിക് ക്ലിനിക്
10	3150/15.06.24	മാർസ് യുനാനി ക്ലിനിക്
11	3315/26.06.24	മലബാർ ക്ലിനിക്
12	3417/29.06.24	കെയർ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, തിരുന്നാവായ
13	4212/15.08.24	മെഡി സിങ്ക് ഹെൽത്ത് കെയർ
14	4412/27.08.24	ചങ്ങമ്പള്ളി വൈദ്യ ഭവൻ നഴ്സിംഗ് ഹോം
15	5529/23.10.24	ആരോഗ്യ ഹെൽത്ത് കെയർ ഹോസ്പിറ്റൽ
16	5830/07.11.24	ഡോ. സൈനുൽ ആബിദ് ഇഖ്റ ഡെന്റൽ

		ക്ലിനിക്
17	6410/05.12.24	ഡെന്റീവ ഡെന്റൽ ക്ലിനിക്
18	6635/18.12.24	പട്ടർനടക്കാവ് മെഡി സെന്റർ
19	6632/18.12.24	ന്യൂ ഹെൽത്ത് കെയർ ഫാർമ, പട്ടർനടക്കാവ്

മേൽ സ്ഥാപനങ്ങൾ 1996 ലെ കേരള ഗ്രാമ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെയും ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/23.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാടക ഈടാക്കാൻ അവശേഷിക്കുന്നതായി കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	റൂം നമ്പർ	വാടകക്കാരന്റെ പേര്	മാസ വാടക ജി.എസ്.ടി ഉൾപ്പെടെ	ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ്	ഈടാക്കാൻ അവശേഷിക്കുന്ന തുക
1	7/611	മുസ്തഫ ചക്കാരിപ്പറമ്പിൽ	1994	നവമ്പർ 24-മാർച്ച് 25	9970
2	7/613	അലവിക്കുട്ടി കളപ്പാട്ടിൽ	2490	ഏപ്രിൽ24-മാര്ച്ച് 25	29880
3	7/614	അലവിക്കുട്ടി കളപ്പാട്ടിൽ	2490	ഏപ്രിൽ24-മാര്ച്ച് 25	29880
4	7/617	അമീർ അപ്പാസ്	5813	ജൂലൈ 24-മാര്ച്ച് 25	52317
5	7/619	അലവിക്കുട്ടി കളപ്പാട്ടിൽ	2989	ഏപ്രിൽ24-മാര്ച്ച് 25	35868
6	7/620	അലവിക്കുട്ടി കളപ്പാട്ടിൽ	3323	ഏപ്രിൽ24-മാര്ച്ച് 25	39876
7	7/622	അലവിക്കുട്ടി കളപ്പാട്ടിൽ	3323	ഏപ്രിൽ24-മാര്ച്ച് 25	39876
8	7/605	ദിലീപ് പൊട്ടശ്ശാല	15444	ഏപ്രിൽ24-മാര്ച്ച് 25	185328
9	7/643	ജാഫർ അലി	14113	ഏപ്രിൽ24-മാര്ച്ച് 25	169356
ആകെ ഈടാക്കാൻ അവശേഷിക്കുന്ന തുക					592351

രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. RP-45 പ്രകാരം തൻ വർഷം 947606/- രൂപയുടേയും അരിയർ ഇനത്തിൽ 33363/- രൂപയുടേയും വരവുണ്ട് .കൂടാതെ B-15 പ്രകാരം മുൻ വർഷങ്ങളിലേതായി ഈ ഇനത്തിൽ 202850/- രൂപയും തൻ വർഷത്തേതായി 628608/- രൂപയും ലഭ്യമാകാനുണ്ട്. രജിസ്റ്ററിൽ നിന്നും അരിയർ ഇനത്തിൽ ലഭ്യമാകാനുള്ള തുകയുടെ വിശദാംശം ലഭ്യമല്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 25/23.09.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിൽ ലഭ്യമാകാനുള്ള തുക വിശദമായി പരിശോധിച്ച് ആയത് ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാടക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതും വാടക രജിസ്റ്റർ പൂർത്തീകരിക്കേണ്ടതുമാണ്.

1-15 ഡെപ്പോസിറ്റ് തുകകളുടെ മുൻകൂർ വിശദാംശം ലഭ്യമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 01.04.2024 തീയതിയിൽ താഴെ പറയും പ്രകാരം മുന്നിരിപ്പുണ്ട്.

ക്രമ നം	അഡ്വാൻസ് ഇനം	മുന്നിരിപ്പ്
1	Bidders' Earnest Money Deposit	209674

2	Contractors Security Deposit	256403
3	Contractors' Earnest Money Deposit	120698
4	Election Deposit	64500
5	Suppliers Earnest Money Deposits	12650
6	Suppliers Security Deposits	142458
7	Bidders Security Deposits	2277120
8	Contractors' Retention	134012
9	Other Deposit	59130
10	Auction Depodit	16000

ഓപ്പണിംഗ് ബാലൻസ് ആയി രേഖപ്പെടുത്തി വരുന്ന ഈ തുകകൾ ആരിൽ നിന്നും ഏത് തീയതിയിൽ ലഭിച്ചതാണ് എന്ന് പരിശോധിച്ച് വിലയിരുത്താവുന്ന എൻട്രികൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇല്ല. ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം ക്ലെയിം ഡ്യൂ ആയ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ ആവശ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ (കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/23.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-16 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് : രോഗ പ്രതിരോധ പ്രവർത്തനങ്ങൾ(163/25)

അടങ്കൽ :209896(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് :97500(പൊതുവിഭാഗം സാധാരണ വിഹിതം)

ബി.ആർ.എൻ: 241505520390005026 59/05.08.24 തുക 36000/-

241505203900104598 5/16.12.24 തുക 36500/-

241505203900020547 8/09.05.24 തുക 25000/-

1. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്ക് ചുവടെ കൊടുത്ത സ്ഥാപനങ്ങൾക്ക് ചുവടെ കൊടുത്തത് പ്രകാരം പണം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	സ്ഥാപനം	പണം ചെലവഴിച്ചതിന്റെ ആവശ്യകത	ഇൻവോയ്സ് നമ്പർ	അനുവദിച്ച തുക
1	മജ്ജ ആർട്സ്, കടുങ്ങാത്തുകുണ്ട്	മഞ്ഞപ്പിത്തം, കോളറ നിർദേശ ബോർഡിന്	693/15.09.24	15000
2	മജ്ജ ആർട്സ്, കടുങ്ങാത്തുകുണ്ട്	മലമ്പനി, മന്ത് പ്രതിരോധ ബോർഡ്	690/25.08.24	7500
3	പേജ് മേക്കേഴ്സ് ഓഫ്സെറ്റ് പ്രസ്സ്	രജിസ്റ്റർ, പേപ്പർ വാങ്ങിയതിന്	791/16.12.2024	14000
4	മജ്ജ ആർട്സ്, കടുങ്ങാത്തുകുണ്ട്	ജീവിത ശൈലി ബോധവൽക്കരണ ബോർഡുകൾ	962/20.07.24	10500
5	പേജ് മേക്കേഴ്സ് ഓഫ്സെറ്റ് പ്രസ്സ്	എലിപ്പനി, ഡെങ്കിപ്പനി പ്രതിരോധ സ്ക്രീൻ പ്രിന്റ്	647/05.08.24	10000
6	പേജ് മേക്കേഴ്സ് ഓഫ്സെറ്റ് പ്രസ്സ്	മഞ്ഞപ്പിത്ത ബോധവൽക്കരണ നോട്ടീസ്, രജിസ്റ്റർ	449/20.07.24	9500

പ്രൊക്യൂവർമെന്റ് മാന്വൽ ജി. ഒ.പി നം.259/2010/ത.സ്വ.ഭ.വ തീയ്യതി 08.11.2010 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ മതിപ്പു വില 5000 രൂപക്ക് മുകളിൽ 25000 വരെയുള്ള വസ്തുക്കൾ ക്വട്ടേഷൻ മുഖേനയും 25000/- രൂപക്ക് മുകളിൽ 100000/- രൂപ വരെയുള്ള വസ്തുക്കൾ ലിമിറ്റഡ് ടെണ്ടറിലൂടെയുമാണ് വാങ്ങേണ്ടത്. എന്നാൽ മേൽ വാങ്ങലിൽ യാതൊരു നടപടിക്രമവും പാലിച്ചതായി കാണുന്നില്ല.

2. മേൽ പദ്ധതി പ്രകാരം പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള യാത്ര ആവശ്യങ്ങൾക്കായി മൊയ്തീൻ എന്ന ഡ്രൈവർക്ക് പണം അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിൽ 27.02.24, 05.03.24,10.03.24 എന്നീ തിയ്യതികളിൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ദൈനം ദിന ചെലവുകൾ എന്ന പദ്ധതിയിൽ (പ്രൊജക്ട് നമ്പർ:38/2025) വാക്സിൻ/ മെഡിസിൻ എന്നിവ ജില്ലാ ആശുപത്രിയിൽ നിന്ന് കൊണ്ട് വന്നതിനും കുത്തിവെയപിന് സെന്ററുകളിലേക്ക് യാത്ര ചെയ്തതിനുമായി പണം അനുവദിച്ചതായികാണുന്നു.(രണ്ട് പദ്ധതികളിലും 1000/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്). ഡ്രൈവറും സ്ഥാപനവുമായുള്ള കരാറിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ആവശ്യങ്ങൾക്കായുള്ള ഒരു ദിവസത്തെ യാത്രക്ക് 1000/-രൂപ നിശ്ചയിച്ചതാണ് എന്നിരിക്കെ രണ്ട് പദ്ധതിയിലുമായി ഡ്രൈർക്ക് ഒരു ദിവസത്തിന് 2000 രൂപ അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/23.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ ഒന്നിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനും ക്രമ നമ്പറിൽ ഡ്രൈവർക്ക് രണ്ട് പദ്ധതികളിലായി പണം അനുവദിച്ചതിനും ഉള്ള വിശദീകരണം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-17 ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പദ്ധതി പ്രകാരം ഹോംകോയിലേക്ക് പണം അനുവദിച്ചിട്ടുണ്ട്.എന്നാൽ മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ട്: ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ(35/25)

അടങ്കൽ: 500000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 24150552039001037255/13.12.2024 തുക 400000/-

പ്രൊഫോമ നമ്പർ: PRF 225/26.08.2024 തുക 400000/-

24150552039001324012/13.02.2025 തുക 100000/-

പ്രൊഫോമ നമ്പർ: PRF 1145/21.01.2025 തുക 100000/-

ലഭ്യമായ മരുന്നുകളുടെ വിവരം

ക്രമ.നം	ഇൻവോയ്സ് നമ്പർ	തുക
1	LF-250/22.05.25	41657
2	LF-157/14.05.25	130733
ആകെ ലഭിച്ച മരുന്നുകളുടെ തുക		172390
ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക		327610

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകാൻ സ്വീകരിച്ച നടപടി വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/23.09 2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം വാങ്ങിയതിൽ അപാകത

പ്രൊജക്ട് : കുടുംബാരോഗ്യ കേന്ദ്രത്തിന് വാഹനം വാങ്ങൽ SO (199/25)

അടങ്കൽ :1000000 (തനത് ഫണ്ട്)

ചെലവ്: 907863 (തനത് ഫണ്ട്)

വൗച്ചർ നമ്പർ : 22401192/ 22.03.25 തുക 894001/-
22401243/ 27.03.25 തുക 6931/-
22401244/ 27.03.25 തുക 6931/-

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി ജെമ്മിലൂടെ മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡിന്റെ പാസഞ്ചർ എന്ന സ്ഥാപനത്തിൽ നിന്ന് എസ്.യു വി കാർ (സെല്ലർ ഐ.ഡി 1ESC 180000092630) വാങ്ങിയതിന് ഇൻവോയ്സ് നമ്പർ IN01252703022546/17.02.2025 പ്രകാരം പണം അനുവദിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

Rate/Item	Delivery Charge	Taxable Value	IGST@ 28%	Comp. Cess 3%	Grand Total
671185	21840	693025	194047	20790.75	907863

മേൽ വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സ്ഥാപനവുമായുള്ള കരാറിൽ ഫ്രൈറ്റ് ചാർജ് ആയി നൽകേണ്ടത് തുകയുടെ 4 ശതമാനമാണ്. ആയത് 26847/- രൂപയാണ് (4% Of 671185) . എന്നാൽ മേൽ ഇൻവോയ്സ് പ്രകാരം 27955/-(21840+6115) രൂപ സ്ഥാപനത്തിന് നൽകിയതായി കാണുന്നു.

2. സ്ഥാപനവുമായുള്ള കരാർ പ്രകാരം ഡ്യൂട്ടീസും ടാക്സും ഉൾപ്പെടെ വാഹനത്തിന് നൽകേണ്ട തുക 879253/- രൂപയാണ്. എന്നാൽ മേൽ ഇൻവോയ്സ് പ്രകാരം വാഹനത്തിന് 879908/- രൂപ (671185+187931.8+20790.75) നൽകിയതായി കാണുന്നു.

3. ആരോഗ്യ വകുപ്പിലേക്ക് വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി വാങ്ങണമെന്നിരിക്കെ സർക്കാർ അനുമതി കൂടാതെ വാഹനം വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/23.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിന് ക്രമ നമ്പർ 1 പ്രകാരം അധികമായി നൽകിയ 1108/-രൂപയും (27955-26847) ക്രമ നമ്പർ 2 പ്രകാരം അധികമായി നൽകിയ 655/-രൂപയും (879908-879253) തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-19 കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങൾ നൽകിയതിൽ അപാകത

പ്രൊജക്ട് : കോക്ലിയാർ ഇംപ്ലാന്റേഷൻ കവിഞ്ഞവർക്ക് ഉപകരണങ്ങൾക്ക് ധനസഹായം(39/25)

അടങ്കൽ :150000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 96805 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

നിർവ്വഹമോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

സബ്സിഡി മാർഗ്ഗ രേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.2022 ഖണ്ഡിക 7.1.2 ബി പ്രകാരം മെഡിക്കൽ ഓഫീസറുടെ നിർദ്ദേശമനുസരിച്ച് കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രൊജക്ട് ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതും കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളായുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50000/- രൂപ നിരക്കിൽ ആകെ കുട്ടികൾക്ക് വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകേണ്ടതുമാണ്.

1. മേൽ പദ്ധതിയിലേക്കായി മുഹമ്മദ് ഫെസിൻ എന്ന ഗുണഭോക്താവിന് സൗത്ത് ഇന്ത്യൻ ബാങ്കിലെ 0171053000019493 എന്ന അക്കൗണ്ടിലേക്ക് 47195/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ബി.ആർ.എൻ : 241505520390016328 57/21.03.25തുക 47195/-

ഗുണഭോക്താവിന് ഉപകരണം നൽകിയ സ്ഥാപനം: സൈലന്റ് നൈറ്റ്- തിരുവനന്തപുരം

ഇൻ വോയ്സ് നമ്പർ: 4659/10.03.25

ഇൻ വോയ്സിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഉപകരണം	എണ്ണം	തുക/യൂണിറ്റ്	ആകെ തുക
CP 802 Standard Rechargeable Battery	1	11275.42	11275.42

Dry Brick	6	472.88	2837.28
CP 802 Micro Phone	6	3244.92	19469.49
BTY P-675	4	346.61	1386.44
CP 802 Coil Cable 6 Cm	1	3904.76	3904.76
ആകെ തുക			38873.39
G.S.T (18%)			6294.36
G.S.T (5%)			195.24
കൊറിയർ ചാർജ്ജ്			100
ആകെ തുക (ജി.എസ്.ടി ഉൾപ്പെടെ)			45463
കുറിപ്പ്: ഇൻവോയ്സിൽ ചേർത്തത് പ്രകാരമുള്ള ജി.എസ്.ടി വിവരമാണ് ചേർത്തിട്ടുള്ളത്. ഉപകരണങ്ങളുടെ തരം തിരിച്ചുള്ള ജി.എസ്.ടി വിവരം ഇൻവോയ്സിൽ നിന്ന് ലഭ്യമല്ല.			

ഇൻ വോയ്സ് നമ്പർ: 4659/10.03.25

ഉപകരണം	എണ്ണം	തുക/ യൂണിറ്റ്	ജി.എസ്.ടി	ആകെ തുക
Mic Lock	2	824.76	82.48 (5% ജി.എസ്.ടി)	1732

2. കൂടാതെ മുഹമ്മദ് റയ്യാൻ എന്ന ഗുണഭോക്താവിന് സൗത്ത് ഇന്ത്യൻ ബാങ്കിലെ 0171053000015655 എന്ന അക്കൗണ്ടിലേക്ക് 49610/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ബി.ആർ.എൻ : 241505520390015703 83/17.03.25തുക 49610/-

ഗുണഭോക്താവിന് ഉപകരണം നൽകിയ സ്ഥാപനം: ഡോ. മനോജ് ഇ.എൻ.ടി സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ

ഇൻ വോയ്സ് നമ്പർ: KL-KKD-124494/26.10.24

ഇൻ വോയ്സിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഉപകരണം	എണ്ണം	തുക	ജി.എസ്.ടി	ആകെ തുക
CP 802 Standard Rechargeable Battery	1	10250	1845 (18%)	12095
Battery Charger	1	10385	1869.3 (18%)	12254.30
CP 802 Coil	1	7550	377.5 (5%)	7927.50
Nucleus Safety Line Long	1	265	13.26 (5%)	278.26
CP 802 Coil Cable 8 Cm	1	3905	195.26 (5%)	4100.25
Dry Space UV Drying Kit	1	5000	900 (18%)	5900
Nucleus Safety Line Long	1	265	13.26 (5%)	278.26
Battery P 675bimplant Plus Mercury Free	2	315	113.4 (18%)	743.40

Power One				
ആകെ തുക				43577
കുറിപ്പ്: 49610/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ടെങ്കിലും 43577/- രൂപയുടെ ബില്ലുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്				

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകത ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗ രേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.2022 ഖണ്ഡിക 7.1.3 പ്രകാരം ഓരോരുത്തരേയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷം മാത്രമേ പ്രൊജക്ട് തയ്യാറാക്കേണ്ടതും ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തി മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്ന ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മറ്റ് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നേരിട്ടും സർക്കാർ നിർദ്ദേശിക്കുന്ന ഗുണമേന്മ സർട്ടിഫിക്കേഷൻ ഉള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ മുഖേന വാങ്ങാവുന്നതാണ് (സബ്സിഡി മാർഗ്ഗ രേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.2022 ഖണ്ഡിക 7.1.4). എന്നാൽ ഈ നടപടി ക്രമങ്ങളൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. ഉപകരണത്തിന്റെ റിപ്പയറിംഗിന് ആവശ്യമായ തുക ആണ് നൽകിയതെങ്കിൽ ആയത് നൽകേണ്ടത് സോഷ്യൽ സെക്യൂരിറ്റി മിഷനാണ്.എന്നാൽ മേൽ പദ്ധതി പ്രകാരം പണം നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

2. ക്രമ നമ്പറിലെ ഗുണഭോക്താവിന് 49610/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 43577/- രൂപയുടെ ബില്ലുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 19/23.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗുണഭോക്താവിന് നേരിട്ട് പണം അനുവദിച്ചതിന് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ- പദ്ധതി നടത്തിപ്പിൽ അപാകത

പ്രൊജക്ട് : ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ(141/25)

അടങ്കൽ :50000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: 50000(ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നമ്പർ: 22401249/27.03.25 തുക 50000/-
XVFC/2024-25/P/112/26.03.25 തുക 50000/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി പോഷാകാഹാരം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും സി.പി സ്റ്റോർ ന്യൂ എന്ന സ്ഥാപനത്തിൽ നിന്ന് (ഇൻവോയ്സ് നമ്പർ: 117549/ 26.03.25) വാങ്ങൽ നടത്തുകയും ചെയ്തിട്ടുണ്ട്.ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	വാങ്ങിയ വസ്തു	എണ്ണം/തൂക്കം	വില/യൂണിറ്റ്(ജി.എസ്.ടി ഉൾപ്പെടെ)	ആകെ തുക
1	ചെറുപയർ	105 Kg	89	9345
2	മഞ്ഞപ്പരിപ്പ്	52.50 Kg	114	5985
3	മണിക്കടല	157.50 Kg	67.33	10605
4	ശർക്കര അച്ച്	105 Kg	52	5460
5	കോക്കനട്ട് ഓയിൽ	105 Kg	121	12705
6	ചെറിയരി	105 Kg	49	5145
7	യൂണിക് ബിസ് കറ്റ്	105 എണ്ണം	7.5	787.50
ആകെ തുക				50032.50

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗ രേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.2022 പ്രകാരം ഇത്തരത്തിൽ ഒരു പദ്ധതി വിഭാവനം ചെയ്യാവുന്നതല്ല എന്ന് കാണുന്നു. മേൽ പദ്ധതി നൂതന പദ്ധതി ആയി നടപ്പിലാക്കിയതാണെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2. മേൽ വാങ്ങലിനാവശ്യമായ ക്വട്ടേഷനിൽ (യൂണിക് ബിസ് കറ്റ് ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെട്ടിട്ടില്ല) ഹോപ്സ് സൂപ്പർ മാർക്കറ്റ് കണ്ടുകളം എന്ന സ്ഥാപനം 415/- രൂപയും സി.പി സ്റ്റോർ ന്യൂ എന്ന സ്ഥാപനം 435/- രൂപയുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്(ക്രമ നമ്പർ 2,3 എന്നിവ അര കിലോഗ്രാമും മറ്റുള്ളവ ഒരു കിലോഗ്രാമും എന്ന കണക്കിൽ). എന്നാൽ ഹോപ്സ് സൂപ്പർ മാർക്കറ്റ് കണ്ടുകളം എന്ന സ്ഥാപനത്തെ പരിഗണിക്കാതെ സി.പി സ്റ്റോർ ന്യൂ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

3.മേൽ പദ്ധതിയിലേക്കാവശ്യമായ വസ്തുക്കൾ തെരഞ്ഞെടുക്കുന്നതിന് ഒരു അംഗീകൃത ന്യൂട്രീഷ്യൻ ലിസ്റ്റ് ചെയ്തതായി കാണുന്നില്ല.

4. വാങ്ങൽ നടത്തിയ വസ്തുക്കൾ ആർക്കൊക്കെ എത്ര തൂക്കം വിതരണമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നുള്ളത് ഫയലിൽ നിന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/23.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കൂടാതെ വാങ്ങൽ നടത്തിയ വസ്തുക്കൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 50000/- രൂപ തടസ്സം ചെയ്യുന്നു.

1-21 അതി ദാരിദ്ര്യർക്ക് മരുന്ന് വാങ്ങൽ- അപാകതകൾ

പ്രൊജക്ട് : അതി ദാരിദ്ര്യ കുടുംബങ്ങൾക്ക് മരുന്ന് വാങ്ങൽ(293/25)

അടങ്കൽ :50000 (തനത് ഫണ്ട്)

ചെലവ്: 22985(തനത് ഫണ്ട്)

22401170/19.03.25 തുക 14837/-

22400938/25.01.25 തുക 8148/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലേക്കായി ഓക്സോ കെയർ ഡ്രഗ്സ് &സർജിക്കൽസ് തിരൂർ എന്ന സ്ഥാപനത്തിൽ നിന്ന് ചുവടെ കൊടുക്കും പ്രകാരം മരുന്ന് വാങ്ങൽ നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	ഇൻവോയ്സ് നമ്പർ	തുക
1	3563/03.09.24	627
2	4064/24.09.24	1491
3	4177/28.09.24	1195
4	4985/31.10.24	808
5	5285/11.11.24	1039
6	5451/18.11.24	2765
7	5609/23.11.24	1714
8	5803/30.11.24	451
9	7066/20.01.25	1714
10	7336/30.01.25	706
11	7434/03.02.25	454
12	7670/12.02.25	1578
13	7920/20.02.25	295
14	2209/09.07.24	433
15	3477/31.08.24	189
16	1193/29.05.24	907
17	1780/22.06.24	30
18	2936/07.08.24	864
19	2209/09.07.24	433
20	3527/02.09.24	1092

21	2106/04.07.24	1379
22	2815/03.08.24	1990
23	3477/31.08.24	206
24	2584/24.07.24	814
ആകെ തുക		23174 (22985/- രൂപയാണ് അനുവദിച്ചിട്ടുള്ളത്)

1. സബ്സിഡി മാർഗ്ഗ രേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.2022 പ്രകാരം ഖണ്ഡിക 7.6.4 പ്രകാരം അലോപ്പതി മരുന്നുകൾ വാങ്ങേണ്ടത് കെ.എം.എസ.സി.എല്ലിൽ നിന്നാണ്. കെ.എം.എസ.സി.എല്ലിൽ നിന്ന് മരുന്നുകൾ ലഭ്യമാകാൻ കാല താമസം വരുകയാണെങ്കിൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി നീതി സ്റ്റോർ, ഇൻ ഹൗസ് ഡ്രഗ് ബാങ്ക്, എച്ച്.എൽ .എൽ ലൈഫ് കെയർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്.എന്നാൽ ഓക്സോ കെയർ ഡ്രഗ്സ് &സർജിക്കൽസ് തിരൂർ എന്ന സ്ഥാപനം മേൽ ലിസ്റ്റിൽ ഉൾപ്പെട്ടതല്ല. കൂടാതെ മേൽ സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയപ്പോൾ നടപടിക്രമങ്ങൾ ഒന്നും പാലിച്ചതായി കാണുന്നില്ല.

2.മേൽ ഇൻവോയ്സുകൾ പ്രകാരം ഡെറിഫിലിൻ, ലെവോലിൻ, അസ്താലിൻ തുടങ്ങിയ പി.എച്ച്.സിയിൽ ലഭ്യമായ മരുന്നുകൾ (പി.എച്ച്.സി മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ) വാങ്ങൽ നടത്തിയതായി കാണുന്നു. പി.എച്ച്.സിയിൽ ലഭ്യമായ മരുന്നുകൾ ഗുണഭോക്താക്കൾ പുറത്തുള്ള മരുന്ന് ഷാപ്പുകളിൽ നിന്ന് വാങ്ങിയിട്ട് ആയതിന് പണം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/23.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-22 ദൈനംദിന ചെലവുകൾക്ക് പണം അനുവദിച്ചതിലെ അപാകതകൾ

പ്രൊജക്ട് : കുടുംബാരോഗ്യ കേന്ദ്രം ദൈനംദിന ചെലവുകൾ(38/25)

അടങ്കൽ :1500000 (തനത് ഫണ്ട്)

1000000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

2500000 (ആകെ)

ചെലവ്: 985810(തനത് ഫണ്ട്)

828466 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

1814276 (ആകെ)

1. ബി.ആർ.എൻ: 241505520390002054 74/16.05.24 തുക 29000/-

2. ബി.ആർ.എൻ: 241505520390005827 22/26.08.24 തുക 17889/-

3.ബി.ആർ.എൻ: 241505520390009864878/05.11.24 തുക 30000/-

4.ബി.ആർ.എൻ: 24150552039000546 7/16.05.24 തുക 17000/-

5.ബി.ആർ.എൻ: 241505520390002999 33/20.06.24 തുക 313499/-

6.ബി.ആർ.എൻ: 241505520390007224 07/28.09.24 തുക 22707/-

7.ബി.ആർ.എൻ: 241505520390013350 32/16.02.25 തുക 109795/-

8.ബി.ആർ.എൻ: 241505520390011646 57/11.01.25 തുക 126730/-

9.ബി.ആർ.എൻ: 241505520390015703 85/17.03.25 തുക 111724/-

10.ബി.ആർ.എൻ: 241505520390002054 69/09.05.24 തുക 40662/-

11.ബി.ആർ.എൻ: 241505520390010459 90/16.12.24 തുക 46000/-

12.ബി.ആർ.എൻ: 241505520039000502637/04.08.2024 തുക 50122/-

12.22400432/30.08.24 തുക 61000/-

13.22400713/26.11.24 തുക 82045/-

14.22400347/28.07.24 തുക 102955/-

15.22400577/10.10.24 തുക 106295/-

16.22400431/30.08.24 തുക 82045/-

17.22400927/24.01.25 തുക 81770/-

18.22400770/07.12.24 തുക 23540/-

19.22400941/27.01.25 തുക 25000/-

20.22401092/08.03.25 തുക 52000/-

21.22400714/26.11.24 തുക 19905/-

22.22400930/24.01.25 തുക 25000/-

23.22401217/25.03.25 തുക 10300/-

24.22401247/27.03.35 തുക 21250/-

25.22400713/26.1124 തുക 82045/-
22400604/19.1024 തുക 71150/-
22401221/25.03.25 തുക 129310/-
22400998/05.02.25 തുക 10200/-

ആകെ തനത് ഫണ്ട് : 775150

മെയിന്റനൻസ് ഫണ്ട് റോഡിതരം: 865006

1. പരിശോധനക്ക് ഹാജരാക്കിയ രേഖകൾ (ട്രിപ്പ് ഷീറ്റ്. ഡ്രൈവറുടെ കൈപ്പറ്റ് രശീതി) പ്രകാരം ചുവടെ കൊടുത്ത ദിവസങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പിന് വിവിധ ഇടങ്ങൾ സന്ദർശിച്ചതിനായി വാഹനത്തിന്റെ ഡ്രൈവർക്ക് പണം അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രതിരോധ കുത്തിവെയ്പിന് പോകുന്നതിന്റെ വിശദ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത ദിവസങ്ങളിൽ കുത്തിവെയ്പ്പിന് പോയിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	തിയ്യതി	അനുവദിച്ച തുക
1	23.12.24	1250
2	21.12.24	1250
3	17.01.25	1250
4	26.02.24	1250
5	10.03.24	1250
6	18.05.2024	1250
ആകെ		7500/-

2. മൊയ്തീൻ എന്ന ഡ്രൈവറുമായി വാക്സിൻ/ മെഡിസിൻ മുതലായവ ആശുപത്രിയിലേക്ക് എത്തിക്കൽ, പ്രതിരോധ കുത്തിവെയ്പിനായുള്ള യാത്ര തുടങ്ങിയ ആശുപത്രി ആവശ്യങ്ങൾക്കായുള്ള യാത്രകൾക്ക് ദിവസത്തിന് 1250/- രൂപ എന്ന നിരക്കിലാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. എന്നാൽ ചുവടെ കൊടുത്ത ദിവസങ്ങളിൽ ഇതിൽ കൂടുതൽ തുക അനുവദിച്ചതായി കാണുന്നു.

A. 13.11.2024 ന് പല്ലാറിൽ കുത്തിവെയ്പിന് പോയതിന് 1250/- രൂപയും മെഡിസിൻ/ വാക്സിൻ എന്നിവ ഹോസ്പിറ്റലിലേക്ക് എത്തിച്ചതിനും കൂടി ആകെ 2500/- രൂപ അനുവദിച്ചു.

B. 15.01.2025 ന് മെഡിസിൻ/ വാക്സിൻ എന്നിവ ഹോസ്പിറ്റലിലേക്ക് എത്തിച്ചതിന് 1250/- രൂപയും ആയത് ദിവസം മെയിൻ സെന്റർ ഏരിയയിൽ കുത്തിവെയ്പ് നടത്തിയത് 1250/- രൂപയും കൂടി ആകെ 2500/- രൂപ അനുവദിച്ചു.

C.16.01.2025 ന് മെഡിസിൻ/ വാക്സിൻ എന്നിവ ഹോസ്പിറ്റലിലേക്ക് എത്തിച്ചതിന് 1250/- രൂപയും ആയത് ദിവസം തിരുന്നാവായ ഏരിയയിൽ കുത്തിവെയ്പ് നടത്തിയത് 1250/- രൂപയും കൂടി ആകെ 2500/- രൂപ അനുവദിച്ചു.

D. 16.01.2025 ന് മെഡിസിൻ/ വാക്സിൻ എന്നിവ ഹോസ്പിറ്റലിലേക്ക് എത്തിച്ചതിന് 1000/- രൂപയും ആയത് ദിവസം തിരുന്നാവായ ഏരിയയിൽ കുത്തിവെയ്പ് നടത്തിയത് 1000/- രൂപയും കൂടി ആകെ 2000/- രൂപ അനുവദിച്ചു.

3.മെഡിസിൻ/ വാക്സിൻ എന്നിവ ഹോസ്പിറ്റലിലേക്ക് എത്തിച്ചതിന് ഡ്രൈവർക്ക് ഒരേ മാസത്തിൽ തന്നെ തുടർച്ചയായി പണം അനുവദിച്ചതായി കാണുന്നു. (മെഡിസിനാണോ വാക്സിനാണോ എത്തിച്ചതെന്നോ എവിടെ നിന്നാണ് കൊണ്ട്

വന്നതെന്നോ ടിപ്പ് ഷീറ്റിൽ നിന്നോ വൗച്ചറിൽ നിന്നോ വ്യക്തമല്ല) .ചുവടെ കൊടുത്ത ദിവസങ്ങളിൽ വാക്സിൻ എത്തിക്കുന്നതിന് നഴ്സ് സൂപ്പർവൈസറുടേയോ മെഡിസിൻ എത്തിക്കുന്നതിന് ഫാർമസിസ്റ്റിന്റെയോ റിക്വസ്റ്റ് ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ക്രമ നം.	ദിവസം
1	03.06.24
2	04.06.24
3	06.06.24
4	10.06.24
5	16.06.24
6	23.06.24
7	28.06.24
8	03.07.24
9	05.07.24
10	12.07.24
11	16.07.24
12	03.10.24
13	04.10.24
14	05.1024
15	08.10.24
16	10.10.24
17	12.10.24
18	13.10.24
19	16.10.24
20	19.10.24
21	21.10.24
22	25.10.24
23	26.10.24
24	28.10.24
25	03.05.24
26	04.05.24
27	05.05.24
28	06.05.24
29	10.05.24
30	11.05.24
31	15.05.24
32	19.05.24
33	20.05.24
34	25.05.24
35	29.05.24
36	30.05.24
37	01.03.24
38	05.03.24
39	06.03.24
40	07.03.24

41	01.02.24
42	05.02.24
43	10.02.24
44	12.02.24
45	13.02.24
46	17.02.24
47	20.02.24
48	21.02.24
49	25.02.24
50	28.02.24
51	03.12.24
52	05.12.24
53	16.12.24
54	25.12.24
55	28.12.24
56	05.11.24
57	06.11.24
58	07.11.24
59	08.11.24
60	11.11.24
61	13.11.24
62	15.11.24
63	20.11.24
64	22.11.24
65	23.11.24
66	05.03.25
67	06.03.25
68	07.03.25
69	10.03.25
70	14.03.25
71	15.03.25
72	17.03.25
73	21.03.25
74	02.01.25
75	27.01.25
76	15.01.25
77	05.01.25
78	03.01.25
79	28.09.24
80	30.09.24
81	02.04.24
82	03.04.24
83	04.04.24

84	05.04.24
85	06.04.24
86	12.04.24
87	13.04.24
88	27.04.24

4.ആശുപത്രിയിൽ ക്ലീനിംഗ് ജീവനക്കാർ ഉണ്ടെന്നിരിക്കെ ആശുപത്രി ക്ലീനിംഗിനായി വേലായുധൻ എന്ന വ്യക്തിക്ക് പണം അനുവദിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	മാസം	അനുവദിച്ച തുക
1	ഫെബ്രുവരി-2024	4200(7x600)
2	ജനുവരി-2024	4200(7x600)
3	മാർച്ച്-2024	6000(10x600)
4	ഏപ്രിൽ-2024	6000(10x600)
5	മെയ്-2024	3600(6x600)
6	നവമ്പർ-2024	6000(10x600)
7	ഫെബ്രുവരി-2025	4200(7x600)
ആകെ നൽകിയ തുക		34200

ഇപ്രകാരം പണം അനുവദിച്ചതിന് സർക്കാർ അനുമതി ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡിതരം ഇനത്തിലെ ചെലവ് 828466/- രൂപയാണ്.എന്നാൽ ഹാജരാക്കിയ ബില്ലുകൾ പ്രകാരം 915128/- രൂപയുടെ ചെലവ് ഉണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22/23.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 1,2, 3,6 എന്നിവക്കുള്ള വിശദീകരണം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതും ക്രമ നമ്പർ നാലിൽ ക്ലീനിംഗിനായി തുക ചെലവഴിക്കാൻ സർക്കാർ അനുമതി ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

1-23 സമഗ്ര ക്യാൻസർ നിർണയ പദ്ധതി നടത്തിപ്പിൽ അപാകത

പ്രൊജക്ട്: ആരോഗ്യഭേരി സമഗ്ര ക്യാൻസർ ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി(142/25)

അടങ്കൽ: 200000(പൊതു വിഭാഗം സാധാരണ വിഹിതം)

58765 (പൊതു വിഭാഗം സാധാരണ വിഹിതം)

ബി.ആർ.എൻ: 241505520390014886 44/10.03.25 തുക 57865/-

241505520390017116 85/26.03.25 തുക 900/-

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

മേൽ പദ്ധതി പ്രകാരം ക്യാൻസർ നിർണ്ണയം നടത്തുന്നതിന് രോഗം സംശയിക്കുന്നവരിൽ നിന്ന് സ്റ്റാഫ് നഴ്സ് സ്മിയർ കളക്ട് ചെയ്യുകയും രോഗ നിർണ്ണയം നടത്താനുള്ള സംവിധാനം പി.എച്ച്.സിയിൽ ഇല്ലാത്തതിനാൽ വെട്ടം സി.എച്ച്,സിയിലേക്ക് അയക്കുകയുമാണ് ചെയ്തിട്ടുള്ളത്. സ്മിയർ കളക്ട് ചെയ്യാനാവശ്യമായ അനുബന്ധ വസ്തുക്കൾ വാങ്ങുന്നതിനായി ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ന്യൂ കൊച്ചിൻ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ 766/ 12.01.2025 പ്രകാരം വാങ്ങൽ നടത്തുകയും ചെയ്തിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ.നം	ഉപകരണം	തുക/ യൂണിറ്റ്(ജി.എസ്.ടി ഉൾപ്പെടെ)	എണ്ണം	ആകെ തുക

1	കപ്ലിംഗ് ജാർ	73.16	140	10242.40
2	അയേർസ് സ്പാറ്റുല	3.36	200	672
3	ഐസോപ്രോഫിൽ ആൽക്കഹോൾ	260	25	6500
4	ആപ്രൺ ഡിസ്പോസബ്ൾ	35.40	200	7080
5	വജൈനൽ സ്പെക്കുലം കസ്കസ് ഡിസ്പോസബ്ൾ	90.0032	81	7290.26
6	ഗ്ലാസ്സ് സ്ലൈഡ്	95	4	380
7	ഡയമണ്ട് മാർക്കർ	250	3	750
ആകെ				32915

A. ക്വട്ടേഷൻ നോട്ടീസിൽ ക്യാൻസർ രോഗ നിർണ്ണയ പരിപാടിക്കാവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്യാൻ തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു എന്നെല്ലാതെ ഏത് തരം ടെസ്റ്റിനാവശ്യമായ ഉപകരണങ്ങൾ എന്നോ ആവശ്യമായ ഉപകരണങ്ങളുടെ എണ്ണമോ രേഖപ്പെടുത്തിയിട്ടില്ല.

B. സ്ഥാപനം വാങ്ങൽ നടത്തിയിട്ടുള്ളത് 81 വജൈനൽ സ്പെക്കുലം കസ്കസ് ഡിസ്പോസബ്ൾ ആണ്. ആയത് പ്രകാരം മാക്സിമം 81 പേരുടെ പാപ്സ്മിയർ എടുക്കാനാണ് സാധിക്കുന്നത്. എന്നാൽ 140 കപ്ലിംഗ് ജാർ വാങ്ങിയിട്ടുണ്ട് .ആയത് ഉപയോഗിച്ച് 560 രോഗികളുടെ വരെ പാപ്സ്മിയർ ടെസ്റ്റ് ചെയ്യാവുന്നതാണ്. 81 രോഗികളുടെ പാപ്സ്മിയർ മാത്രമാണ് എടുക്കാൻ കണിയുകയുള്ളൂ എന്നിരിക്കെ 140 കപ്ലിംഗ് ജാറുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.

C. എത്ര പേരുടെ പാപ്സ്മിയർ ടെസ്റ്റ് ആണ് ചെയ്തത് എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. 31 പേരുടെ പാപ്സ്മിയർ ടെസ്റ്റ് ചെയ്ത എന്നാണ് സ്റ്റാഫ് നഴ്സിൽ നിന്ന് അറിയാൻ കഴിഞ്ഞത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ബാക്കിയുള്ള വസ്തുക്കൾ എന്ത് ചെയ്തു എന്നുള്ളത് വ്യക്തമല്ല.

D.സർക്കുലർ നമ്പർ ഡി.എ 1/407/2023 ത.സ്വ.ഭ.വ തീയതി 01.12.2023 പ്രകാരം ക്യാൻസർ പരിശോധന ക്യാമ്പിന് ശേഷം തുടർ പരിശോധനയും ചികിത്സയും ആവശ്യമുള്ളവർക്ക് അവ ആരോഗ്യ വകുപ്പ് മുഖേന ഉറപ്പ് വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്. ടി പരിശോധന ക്യാമ്പിൽ തുടർ പരിശോധനയും ചികിത്സയും ആവശ്യമുള്ളവർ ഉണ്ടോ, ഉണ്ടെങ്കിൽ തുടർ പരിശോധനക്കും ചികിത്സക്കും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളത് ഫയലിൽ നിന്ന് വ്യക്തമല്ല. (പാപ്സ്മിയർ ചെയ്ത മുഴുവൻ രോഗികളുടേയും റിസൾട്ട് ഇനിയും ലഭ്യമായിട്ടില്ല എന്നാണ് സ്റ്റാഫ് നഴ്സിൽ നിന്ന് അറിയാൻ കഴിഞ്ഞത്).

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/23.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-24 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

1. പ്രൊജക്ട്നമ്പറും പേരും	201/25 – വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ
അടങ്കൽ തുക	200,000/- (തനത് ഫണ്ട്)
ചെലവ്	71749/ ചെക്ക് നം. 080400/4.02.2025
നിർവഹണ ഏജൻസി	KSEB

2. പ്രൊജക്ട്നമ്പറും പേരും	2/25 – എസ്.എസ്.കെ. വിഹിതം നൽകൽ
അടങ്കൽ തുക	10,00,000/- (വികസന ഫണ്ട്- ജനറൽ)
ചെലവ്	10,00,000/- ബിൽ നം. 24150552006500408469 / 12.07.2024

നിർവഹണ ഏജൻസി	Samagra Siksha Kerala

3. പ്രൊജക്ട്നമ്പറും പേരും	342/25 – വലിയ പറപ്പൂർ നാഗപ്പറമ്പ് റോഡിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ
അടങ്കൽ തുക	13,00,000/- (തനത് ഫണ്ട്)
ചെലവ്	13,00,000/- ചെക്ക് നം. MB080374/ 19.10.2024
നിർവഹണ ഏജൻസി	KSEB

പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (11/ 20.09.2025) മറുപടി നൽകിയിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 2371749 രൂപ തടസ്സം ചെയ്യുന്നു.

1-25 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കാൻ അവശേഷിക്കുന്നു.

2024-25 വർഷത്തിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിന് 110,000 രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നമ്പർ : 28209/ 11.09.2024). അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഇതിൽ 36,000 രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വൈശാഖ്.എ.പി. (16,000), ബിലെ കുമാർ (20,000) എന്നീ ജീവനക്കാരിൽ നിന്നാണ് ആകെ 36,000 രൂപ ഈടാക്കാൻ അവശേഷിക്കുന്നത്. പ്രസ്തുത ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (31/ 23.09.2025) മറുപടി നൽകിയിട്ടില്ല. സമയ ബന്ധിതമായി ഈടാക്കാത്തതിനാൽ ഫെസ്റ്റിവൽ അഡ്വാൻസ് പിഴ സഹിതം തിരിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

1-26 അടവാക്കിയ ഫൈൻ തുക വീണ്ടും അടവാക്കി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പൊതു ടാപ്പുകളുടെ പ്രതിമാസ കരം അടവാക്കുന്നതിന് "വാട്ടർ അതോറിറ്റി പൊതു ടാപ്പുകളുടെ പ്രതിമാസ കരം നൽകൽ" എന്ന പദ്ധതി പ്രകാരം 414123 രൂപയും തനതു ഫണ്ടിൽ നിന്ന് താഴെ പറയുന്ന പ്രകാരം 130512രൂപയും ഉൾപ്പെടെ ആകെ 544635 രൂപ ചെലവഴിച്ചിട്ടുണ്ട്.

പൊതു ടാപ്പുകളുടെ പ്രതിമാസ കരം - ചെലവഴിച്ചതിന്റെ വിവരം

പദ്ധതി നമ്പർ/ പേര്	ചെലവ് തുക- ഫണ്ടിനം	ചെക്ക് നമ്പർ
206/25 (വാട്ടർ അതോറിറ്റി പൊതു ടാപ്പുകളുടെ പ്രതിമാസ കരം നൽകൽ)	414123 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)	MB080369/ 8.10.2024
-	40272 (ധനകാര്യ കമ്മീഷൻ അവാർഡ്)	MB080369/ 8.10.2024
-	35877 (തനതു ഫണ്ട്)	080390/ 21.12.2024
-	27671 (തനതു ഫണ്ട്)	28674/20.01.2025
-	13346(തനതു ഫണ്ട്)	61136/12.02.2025
-	13346(തനതു ഫണ്ട്)	MB104011/19.03.2025

മാസം	അടവാക്കിയ തുക	അടവാക്കിയ തിയ്യതി	ഫൈൻ ഇനത്തിൽ അടവാക്കിയത്
2023 മുതൽ 9/ 2024 വരെ	454395	8.10.2024	8490
10/2024, 11/2024	35877	21.12.2024	8918
12/2014, 1/2025	27671	20.01.2025	979
2/2025	13346	12.02.2025	-
3/2025	13346	19.03.2025	-
ആകെ	544635	ആകെ	18387

പൊതു ടാപ്പുകളുടെ പ്രതിമാസ കരം കൃത്യ സമയത്ത് അടവാക്കാത്തതിനാൽ ഫൈൻ ഇനത്തിൽ 9897രൂപ അടവാക്കിയിട്ടുണ്ട്. കൂടാതെ 9/ 2024 വരെയുള്ള കരം ഫൈൻ ഉൾപ്പെടെ 8.10.2024 ന് അടവാക്കിയെങ്കിലും ഫൈൻ തുകയായ 8490 വീണ്ടും ആവർത്തിച്ച് കൊണ്ടുള്ള തുകയാണ് 21.12.2024 ന് അടവാക്കിയിട്ടുള്ളത്. ഫൈൻ തുക വീണ്ടും അടവാക്കിയതിലൂടെയും കരം അടവാക്കാൻ വൈകിയതിലൂടെ ഫൈൻ ഇനത്തിലും ആകെ 18387 നഷ്ടം സംഭവിച്ചതായി കാണുന്നു. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (10/ 20.09.2025) നൽകിയ മറുപടിയിൽ ആവർത്തിച്ച് അടവാക്കിയ ഫൈൻ തുക 8490 രൂപ അടുത്ത ബില്ലിൽ നിന്ന് അഡ്ജസ്റ്റ് ചെയ്യാൻ വാട്ടർ അതേറിറ്റിക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. ആവർത്തിച്ച് അടവാക്കിയ ഫൈൻ തുക 8490 രൂപ അടുത്ത ബില്ലിൽ നിന്ന് അഡ്ജസ്റ്റ് ചെയ്ത് വിവരമറിയിക്കേണ്ടതും, കൃത്യ സമയത്ത് വാട്ടർ ബിൽ അടവാക്കാത്തതിനാൽ ഫൈൻ ഇനത്തിൽ 9897 രൂപ അടവാക്കേണ്ടി വന്നതിന് വിശദീകരണം നൽകേണ്ടതുമാണ്. അല്ലാത്ത പക്ഷം നഷ്ട തുക 18387 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-27 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/എൽ3/99ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2024-25 വർഷത്തിൽ ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

ലൈബ്രറി സെസ്സ് അടവാക്കിയതിന്റെ വിവരം താഴ ചേർക്കുന്നു.

അർദ്ധ വർഷം	പിരിച്ചെടുത്ത തുക (₹)	അടവാക്കേണ്ട തിയ്യതി	അടവാക്കിയ തിയ്യതി	ചെക്ക് നം/ തിയ്യതി
2023-24 രണ്ടാം അർദ്ധ വർഷം	294880	30.04.2024	17.05.2024	6804089/17.05.2024
2024-25 ഒന്നാം അർദ്ധ വർഷം	---	---	--	-------

2024-25 വർഷത്തെ AFS ൽ ലൈബ്രറി സെസ്സ് ഇനത്തിൽ 1080320 രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. 2024-25 ഒന്നാം അർദ്ധ വർഷത്തെ തുക അടവാക്കിയതായി കാണുന്നില്ല. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (14/ 20.09.2025) മറുപടി നൽകിയിട്ടില്ല. 2024-25 ഒന്നാം അർദ്ധ വർഷത്തെ പിരിച്ചെടുത്ത തുകയുടെ വിവരം അറിയിക്കേണ്ടതും, ലൈബ്രറി സെസ്സ് യഥാസമയം അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-28 മഴക്കാല പൂർവ്വ ശുചീകരണം- ചെലവു രേഖകൾ ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി തനതു ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 6804091/1.08.2024 പ്രകാരം 460,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം/ചെലവു രേഖകൾ ഹാജരാക്കിയില്ല. പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (12/ 20.09.2025) മറുപടി നൽകിയിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണ വിവരം /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 460,000 രൂപ തടസ്സം ചെയ്യുന്നു.

1-29 യോഗ്യ - പത്താം ക്ലാസ്, പ്ലസ് ടു യോഗ്യതയ്ക്ക് പ്രാപ്തമാക്കൽ -തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : 288/2025 യോഗ്യ - പത്താം ക്ലാസ്, പ്ലസ് ടു യോഗ്യതയ്ക്ക് പ്രാപ്തമാക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

അടങ്കൽ - 100000 (തനത് ഫണ്ട്)

ചെലവ്- 82850/-

വൗച്ചർ നമ്പർ 22401181/19-03-2025 : 82850/-

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം മലപ്പുറം ജില്ലാ സാക്ഷരതാമിഷന്റെ 04.11.2024 ലെ സി1/ജിഎ-25/ഡി എൽ എം/24 കത്തിന്റെ അടിസ്ഥാനത്തിൽ തുല്യത പഠനത്തിന് പത്താംതരം തുല്യതാ കോഴ്സ് ഫീസായി 7 വിദ്യാർത്ഥികൾക്കായി 13650(7*1950) രൂപയും പ്ലസ് വൺ തുല്യതാ കോഴ്സ് ഫീസായി 16 വിദ്യാർത്ഥികൾക്കായി 41600(16*2600) രൂപയും, പ്ലസ് ടു തുല്യതാ കോഴ്സ് ഫീസായി 12 വിദ്യാർത്ഥികൾക്കായി 27600(12*2300) രൂപയും ആകെ 82850/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ തുക കൈപ്പറ്റിയതിന്റെ രസീതി, ഓരോ വിദ്യാർത്ഥിയും തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പഠനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ , ധനവിനിയോഗ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നമ്പർ 8/23.9.2025) ലഭ്യമാക്കിയ മറുപടിയിൽ പ്ലസ് വൺ തുല്യതാ കോഴ്സിന് രജിസ്ട്രേഷൻ നടത്തിയ 16 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ കാർഡും ഹാൾടിക്കറ്റും, പ്ലസ് ടു തുല്യതാ കോഴ്സിന് രജിസ്ട്രേഷൻ നടത്തിയ 12 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ കാർഡും ഹാൾടിക്കറ്റും പരിശോധനക്ക് ഹാജരാക്കി. പത്താംതരം തുല്യതാ കോഴ്സ് ന് രജിസ്ട്രേഷൻ നടത്തിയ 7 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ കാർഡ് പരിശോധനക്ക് ഹാജരാക്കി. 10 ാം ക്ലാസുകാരുടെ പരീക്ഷ ഒക്ടോബർ 2025 ലാണ് നടക്കുന്നതെന്ന് അറിയിച്ചു. ധന വിനിയോഗ സാക്ഷ്യപത്രത്തിനായി സാക്ഷരത മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. 10 ക്ലാസ് വിദ്യാർത്ഥികളുടെ പഠനത്തിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-30 വീടുകൾക്ക് ബയോബിൻ നൽകൽ - വിതരണം പൂർത്തിയായിട്ടില്ല. ചെലവ് തുക ₹1359950/- തടസ്സം ചെയ്യുന്നു.

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ടിന്റെപേര് : 280/25വീടുകൾക്ക് ബയോബിൻ നൽകൽ 2022-23(സ്പിൽ ഓവർ)

അടങ്കൽ : 2002000/-(1799800ധനകാര്യകമ്മീഷൻ അവാർഡ്, 2000-തനത് ഫണ്ട്, 200200 ഗുണഭോക്തൃ വിഹിതം)

ആകെ ചെലവ് :1725750/- (ധനകാര്യകമ്മീഷൻ അവാർഡ്)

BRN- 241505520393006445 87/09.09.2024 ₹1025750/-

241505520393016333 90/27.03.2025 ₹700000/-

ഇൻവോയ്സ് നമ്പർ B2B497/27.03.2023 ₹1917500/-

മേൽ പദ്ധതി പ്രകാരം 650 പോർട്ടബിൾ ഹൗസ് ഹോൾഡ് ബിൻ IRTC മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും മേൽ ബില്ലുകൾ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)മുഴുവൻ ബയോബിന്നുകൾ വിതരണം ചെയ്തിട്ടില്ല.

സ്റ്റോക്ക് &ഇൗഷ്യ രജിസ്റ്റർ പരിശോധിച്ചതിൽ 20.03.2025 ന് 2950 രൂപ നിരക്കിലുള്ള 650 ബയോബിന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ആയതിൽ 124 എണ്ണം മാത്രമാണ് വിതരണം ചെയ്തതായി കാണിച്ചിട്ടുള്ളത്. 124 ഗുണഭോക്താക്കൾ മാത്രമാണ് 295 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്. വിതരണം ചെയ്തതിന്റെ

വാർഡ് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ കൊടുക്കുന്നു.

വാർഡ് നമ്പർ	ഗുണഭോക്താക്കളുടെ എണ്ണം
11	10
13	33
14	37
15	18
16	24
19	2
ആകെ	124

2) ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയ തുക പദ്ധതിക്കായി ചെലവഴിച്ചതായി കാണുന്നില്ല.

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയ തുക 36580/- രൂപ (രസീതി ബുക്കുകൾ പ്രകാരം) പദ്ധതി ചെലവിനത്തിൽ ചെലവഴിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ. 29/23.9.2025) ലഭ്യമാക്കിയ മറുപടിയിൽ വകയിരുത്തിയിട്ടുള്ള ധനകാര്യ കമ്മീഷൻ അവാർഡ് തുക യഥാസമയം ലഭ്യമായിരുന്നില്ലെന്നും കഴിഞ്ഞ സാമ്പത്തിക വർഷം അവസാന തീയതികളിലാണ് തുക പൂർണ്ണമായും കൈമാറാൻ സാധിച്ചിട്ടുള്ളതെന്നും ആയതിനാൽ ബയോബിന്നുകൾ ഇറക്കുമതി ചെയ്യുകയും വിതരണം പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ചെയ്തു. കാലവിളംബം കൂടാതെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുമെന്നും അറിയിച്ചു. മുഴുവൻ ബയോബിന്നുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക ₹1359950/- (വിതരണം ചെയ്യാൻ അവശേഷിക്കുന്ന ബയോബിന്നുകളുടെ ചെലവ് തുക) തടസ്സം ചെയ്യുന്നു.

1-31 ഭവന നിർമാണത്തിനായി തുക കൈപ്പറ്റി - നിർമാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതിയിൻ കീഴിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി ഒന്നാം ഗഡു ആയി തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിക്കുകയോ/പൂർത്തീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേരും മേൽവിലാസവും	കൈപറ്റിയ തുക (രജിസ്റ്റർ പ്രകാരം)	കൈപറ്റിയ തീയതി (രജിസ്റ്റർ പ്രകാരം)
1	ശ്രീമതി മേലേപറമ്പിൽ, തിരുത്തി (വാർഡ് 12)	40000/- (ഒന്നാം ഗഡു)	24.06.2023
2	പാത്തുമ്മോൾ W/O മരക്കാർ (വാർഡ് 7)	40000/- (ഒന്നാം ഗഡു)	07.06.2023
3	പാർവ്വതി കളത്തും പറമ്പിൽ (വാർഡ് 3)	40000/- (ഒന്നാം ഗഡു)	28.02.2024

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ,ഫയൽ എന്നിവ പരിശോധിച്ചതിൽ,മേൽ ഗുണഭോക്താക്കൾ ഒന്നാം ഗഡുകൈപ്പറ്റിയിട്ടും ,നാളിതുവരെയായിട്ടും ഭവന നിർമാണം ആരംഭിക്കുകയോ/ പൂർത്തീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. മേൽ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിക്കുകയോ/ പൂർത്തീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 30/24-25 തീയതി.23.09.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1,3 എന്നീ ഗുണഭോക്താക്കൾക്ക് നിലവിലെ സാഹചര്യത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്നും അവർ കൈപ്പറ്റിയ തുക തിരിച്ചടക്കാമെന്നും ക്രമ നമ്പർ 2 ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അറിയിച്ചു. ആയതിന്റെ തുടർ നടപടി വിവരം യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല

പദ്ധതി: - 21/25 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ തുക- 30,00000/-രൂപയിൽ(2116384 പ്ലാൻ ഫണ്ട് വിഹിതം+ 333000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+326000 ജില്ലാ പഞ്ചായത്ത് വിഹിതം+ 224616 തനത് ഫണ്ട്)

ചെലവ് 28,28,100/- രൂപ (2115600 പ്ലാൻ ഫണ്ട് വിഹിതം+ 333000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ 155000 ജില്ലാ പഞ്ചായത്ത് വിഹിതം +224500 തനത് ഫണ്ട്) വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	ബിൽ/വൗച്ചർ നം/തിയതി	തുക
1	241505520395010662 26/19.12.2024	303500
2	241505520395010442 94/16.12.2024	483500
3	241505520395010442 97/16.12.2024	338000
4	241505520395010662 28/19.12.2024	29500
5	241505520395010718 77/20.12.2024	312000
6	241505520395012686 44/03.02.2025	326000
7	241505520395012686 46/03.02.2025	296100
8	241505520395016556 44/23.03.2025	360000
9	2241505520395016189 27/21.03.2025	155000
10	22401218/24.03.2025	55000
11	22401220/24.03.2025	169000
	ആകെ	28,28,100/-

ഐ.സി.ഡി.എസ്.സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയൽ, വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പിനത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭിച്ചിട്ടില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നമ്പർ	അനുവദിച്ച തുക	റിമാർക്സ്(രജിസ്റ്ററിൽ രേഖപ്പെടുത്തിയത്)
1	മുസ്ന വി.കെ	0171053000012524	20000 (ബിൽ ക്രമ നമ്പർ 2പ്രകാരം)	അക്കൗണ്ട് Error ആയതിനാൽ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. തുക ഗവൺമെന്റ് ഹെഡിൽ കിടക്കുന്നു.
2	മുഹമ്മദ് അനസ് സൂർപ്പിൽ	40105101099559	20000 (ബിൽ ക്രമ നമ്പർ 5പ്രകാരം) (തുക കൈമാറിയ അക്കൗണ്ട് - ബില്ല് പ്രകാരം 4010510109951)	
3	മുരളി പ്രിയ മേടമ്മൽ	32763644871	11500 (ബിൽ ക്രമ നമ്പർ 3 പ്രകാരം)	IFC കോഡ് മാറിയതിനാൽ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. തുക ഗവൺമെന്റ്
4	അമീർ സലിം.വി	67301975582	17500 (ബിൽ ക്രമ നമ്പർ 5	

			പ്രകാരം) (തുക കൈമാറിയ അക്കൗണ്ട് - ബില്ല് പ്രകാരം 673019755)	ഹെഡിൽ കിടക്കുന്നു.
5	അജയ് ദീപ് , മാവുള്ള ചാലിൽ	67178872405	13500(ബിൽ ക്രമ നമ്പർ 7 പ്രകാരം)	

ക്രമ നമ്പർ 2,4 എന്നിവരുടെ അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നമ്പറും തുക കൈമാറിയ ബില്ലുകൾ പ്രകാരമുള്ള അക്കൗണ്ട് നമ്പറും വ്യത്യാസം കാണുന്നു. ആയതിന് വിശദീകരണവും നിലവിൽ മേൽ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടുണ്ടെങ്കിൽ തുക കൈമാറിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 32/23.09.2025) ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ പ്രൊജക്ടിലേക്ക് ബെനഫിഷറിയെ മാപ്പ് ചെയ്തപ്പോൾ വന്ന അപാകതകൾ മൂലമാണ് തുക എക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ ആയത്. ട്രഷറിയിൽ നിന്നും തെറ്റുകൾ തിരുത്താനുള്ള അവസരം ലഭിക്കുമെന്നും അപ്പോൾ ചെയ്താൽ മതിയെന്നും ട്രഷറിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ ഫണ്ടിലേക്ക് അടവാക്കാമെന്നും നിലവിൽ മേൽ ഗുണഭോക്താക്കൾക്ക് തുക ലഭിക്കുന്നതിന് 2026ൽ സ്പിൽ ഓവർ പദ്ധതിയിൽ മേൽ ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക നൽകുന്നതാണെന്നും അറിയിച്ചു. അപാകത പരിഹരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 SCവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം : അസി.സെക്രട്ടറി

പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (370/2025)

അടങ്കൽ : 1000000/-(599795എസ്.സി.പി, 400205 ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ ചെലവ് :475000/- (എസ്.സി.പി)

BRN- 241505520339017128O6/26.3.2025 ₹475000/-

മേൽ പദ്ധതി പ്രകാരം 21 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)മാർഗരേഖ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 115/2022 /LSGD/28.5.22) ഖ.നം 7.2.4 ഉത്തരവു പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് തുക നൽകാവുന്നതാണ്. സ്കോളർഷിപ്പ് തുക നൽകുന്ന വിദ്യാർത്ഥികളുടെ വിശദ വിവരം, പഠിയ്ക്കുന്ന കോഴ്സിന്റെ പേര്, വർഷം ,കോഴ്സ് ദൈർഘ്യം എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)സ്കോളർഷിപ്പ് തുക അധികമായി നൽകി.

മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ തവനൂർ ഗവ.ആർട്സ് & സയൻസ് കോളേജിൽ രണ്ടാം വർഷം ഇന്റഗ്രേറ്റഡ് എം.എ. പൊളിറ്റിക്കൽ സയൻസ് & ഇന്റർനാഷണൽ റിലേഷൻ കോഴ്സിനു പഠിയ്ക്കുന്ന അനുശ്രീ എ.പി എന്ന ഗുണഭോക്താവിന് 30000/-രൂപ അനുവദിച്ചിരിക്കുന്നു. മേൽ ഉത്തരവു പ്രകാരം ഈ ഗുണഭോക്താവിന് 20000/- രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. ഈ ഇനത്തിൽ 10000/- രൂപ അധികം അനുവദിച്ചിരിക്കുന്നു. മേൽ കോഴ്സിൽ ആദ്യ മൂന്ന് വർഷം ബിരുദ കോഴ്സായാണ് കണക്കാക്കുന്നത്.

3) കോഴ്സ് അംഗീകാരം വ്യക്തമല്ല.

സ്നേഹ എ.കെ എന്ന വിദ്യാർത്ഥിനി ടെക് യു ഇന്റർനാഷണൽ അക്കാദമി, മാമംഗലം, പാലാരിവട്ടം ,എറണാകുളം എന്ന സ്ഥാപനത്തിൽ രണ്ടാം വർഷം മെഡിക്കൽ ലബോറട്ടറി ടെക്നോളജി(എം.എൽ.ടി.) എന്ന കോഴ്സിന് പഠിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15000/- രൂപ അനുവദിച്ചിരിക്കുന്നു. എന്നാൽ മേൽ സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിൽ നമ്പർ/തീയതി രേഖപ്പെടുത്തിയിട്ടില്ല. 2024-25 വർഷത്തേക്കുള്ള സ്കോളർഷിപ്പാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മേൽ വിദ്യാർത്ഥിനി 2024-25 വർഷത്തിലാണ് ഈ സ്ഥാപനത്തിൽ പഠിക്കുന്നത് എന്ന് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനത്തിന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയത്

പ്രകാരമുള്ള അംഗീകാരം ഉള്ളതായി യാതൊരു രേഖപ്പെടുത്തലുകളും സാക്ഷ്യപത്രത്തിൽ ഇല്ല.

4)2024-25 വർഷത്തിൽ പഠിക്കുന്ന രേഖകൾ ലഭ്യമല്ല.

കണ്ണൂർ ഗവ.കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നാലാം സെമസ്റ്റർ ബി.ടെക് മെക്കാനിക്കൽ എഞ്ചിനീയറിംഗിന് പഠിക്കുന്ന അഭിജിത് പി.പി എന്ന ഗുണഭോക്താവ് അപേക്ഷയുടെ കൂടെ ഹാജരാക്കിയ സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിൽ 2023-24 ൽ പഠിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഗുണഭോക്താവിന് സ്കോളർഷിപ്പിനത്തിൽ 25000/- രൂപ അനുവദിച്ചിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കാനും അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 7/23.9.2025) ലഭ്യമാക്കിയ മറുപടിയിൽ നമ്പർ 1 ൽ നിർദ്ദേശിച്ച പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു.

ക്രമ നമ്പർ 2 ലെ ഗുണഭോക്താവിന് ബിരുദാനന്തര ബിരുദം ഉൾപ്പെട്ട കോഴ്സായതിനാലാണ് നിലവിൽ 30000/- രൂപ നൽകിയതെന്ന് മറുപടി നൽകിയത്. മേൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം നൽകിയ 10000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ 3 ലെ ഗുണഭോക്താവ് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയത് പ്രകാരം പ്ലസ് ടു വിന് ശേഷം മറ്റ് സർക്കാർ അംഗീകൃത കോഴ്സ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ധനസഹായം നൽകിയതെന്നും 19.06.2024 ലെ സ.ഉ.1074/2024/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ എം.എൽ.ടി പഠിക്കുന്ന വിദ്യാർത്ഥിക്ക് ധനസഹായം നൽകാം എന്നുമാണ് മറുപടിയായി അറിയിച്ചത്. അപാകത പരിഹരിക്കുന്നതിനാവശ്യമായ വിവരങ്ങളോ/രേഖകളോ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ക്രമ നമ്പർ 4 ലെ ഗുണഭോക്താവിന്റെ 2024-25 വർഷത്തിൽ പഠിക്കുന്ന സ്ഥാപനത്തിലെ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ 3,4 എന്നിവയിലെ അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 40000/- രൂപ തടസ്സം ചെയ്യുന്നു.

ക്രമ നമ്പർ 2 ലെ ഗുണഭോക്താവിന് അധികം അനുവദിച്ച 10000/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1- 34 മരാമത്ത് പ്രവൃത്തി - സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയോ കാലതാമസത്തിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. അത് സംബന്ധിച്ച് നൽകിയ 24.09.2025-ലെ 34-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവഹണോദ്യോഗസ്ഥൻ നൽകിയ 29.09.2025 ലെ AE/LID/ & EW/TNYA/86/2025-26 നമ്പർ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ നിയമാനുസൃതമായ പിഴ ഈടാക്കാതെ , പ്രവൃത്തി പൂർത്തീകരണ കാലാവധി അധികം വിനിയോഗിക്കാൻ അനുവദിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിയും അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1 കുണ്ടിലങ്ങാടി- ചിറയിൽ റോഡ് കോൺക്രീറ്റിംഗ്

ഈ പ്രവൃത്തിയുടെ പിഴതുകയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 27.09.2025-ലെ AE/LID&EW/TNYA/60/2025 -26 നമ്പർ മറുപടിയിൽ , സൈറ്റിൽ ബൗണ്ടറി സംബന്ധിച്ചുള്ള തർക്കം നിലനിന്നിരുന്നതിനാലാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാഞ്ഞത് എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രവൃത്തി പ്രദേശം സംബന്ധിച്ചുള്ള മുഴുവൻ സങ്കീർണതകളും പ്രശ്നങ്ങളും പരിഹരിച്ചതിനുശേഷം മാത്രമേ പ്രവൃത്തി പ്രദേശം കൈമാറാവൂ എന്നതിനാൽ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. അതിനാൽ താഴെ പറയുന്ന തുക തിരികെ ഈടാക്കേണ്ടതാണ് .

ക്രമനം	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	SO 138/2023-2024 (229/24-25) കുണ്ടിലങ്ങാടി- ചിറയിൽ റോഡ് കോൺക്രീറ്റിംഗ്
	അടങ്കൽ തുക & ഫണ്ടിനം	120000/- തനത് ഫണ്ട്
	ചെലവിനം , ബിൽ നമ്പർ തീയ്യതി	12.12.2024

TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	34096/2023-24 തീയ്യതി. 04.09.2023 8 മാസം
എഗ്രിമെന്റ് നമ്പറും തീയ്യതിയും	26/AE/LID/EW/TNYA/23-24 DTD. 17.11.2023
സൈറ്റ് കൈമാറിയ തീയ്യതി	26.11.2023
PAC തുക	111724/-
കരാറുകാരന്റെ പേര്	ശ്രീ അബ്ദുസ്സമദ് സമദാനി
പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	25. 07.2024
പൂർത്തീകരിച്ച തീയ്യതി	19.11.2024
അളവു പുസ്തകം നമ്പർ	89061/22emb
ഈടാക്കേണ്ട പിഴ	26.07.2024 മുതൽ 25. 10.2024 വരെ 1% Of PAC = 1117/- 26.10.2024 മുതൽ 19.11.2024 - 25 ദിവസത്തേക്ക് PAC യുടെ 2% = മിനിമം- 2000 രൂപ ആകെ -3117/-
ഈടാക്കിയ പിഴ	0
ബാക്കി	3117/-

2. 127ാം നമ്പർ അങ്കണവാടി മെയിന്റനൻസ്

ഈ പ്രവൃത്തിയുടെ പ്രവൃത്തിപ്രദേശം കൈമാറിയത് 10.03.2024 നാണ് . സാങ്കേതികാനുമതി പ്രകാരം 09.10.2024 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ എന്നാൽ പ്രൊജക്ട് ഫയലിൽ ലഭ്യമല്ലാത്തതും പിന്നീട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിതിനുശേഷം മാത്രം നിർവണോദ്യോഗസ്ഥൻ ഹാജരാക്കിയ, കരാറുകാരന്റെ തീയ്യതി രേഖപ്പെടുത്താത്ത കത്തിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി 31.12 വരെ (വർഷം രേഖപ്പെടുത്തിയിത് വ്യക്തമല്ല) ദീർഘിപ്പിച്ചു നൽകണം എന്നപേക്ഷിച്ചിട്ടുണ്ട്. ഈ കത്തിൽ കരാറുകാരനോ കത്ത് സ്വീകരിച്ച നിർവഹണോദ്യോഗസ്ഥനോ തീയ്യതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധിക്കുള്ളിൽ തന്നെയാണോ കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനൽകാൻ അപേക്ഷിച്ചത് എന്ന് വ്യക്തമല്ല. കരാറുകാരന്റെ അപേക്ഷ വ്യക്തമായ അന്വേഷണം പൂർത്തിയാക്കി സമയബന്ധിതമായി നടപടി ക്രമങ്ങൾ പാലിച്ച് നിർവഹണോദ്യോഗസ്ഥൻ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചു നൽകിയ/ശുപാർശ ചെയ്ത നടപടിക്രമങ്ങളും മറുപടിക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. പിന്നീട് കരാറുകാരൻ 01.10.2024 ൽ വീണ്ടും നൽകിയ അപേക്ഷയിൽ പ്രവൃത്തി പ്രദേശത്ത് നിലനിൽക്കുന്ന മരങ്ങൾ പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങി മുറിച്ച് മാറ്റാൻ സമയം എടുക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി വീണ്ടും 30.03.2025 വരെ ദീർഘിപ്പിച്ചു നൽകണമെന്നപേക്ഷിച്ചിട്ടുണ്ട്. ഈ കത്ത് പരിഗണിച്ച് പൂർത്തീകരണ കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ചു നൽകാൻ നിർവഹണോദ്യോഗസ്ഥൻ 14.10.2024 തീയ്യതിയിലെ AE/LID/ &EW/TNYA/ 40/2024-25 കത്ത് പ്രകാരം ശുപാർശചെയ്യുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സമയബന്ധിതമായി നടപടിക്രമങ്ങൾ പാലിക്കാതെ, വ്യക്തമായ തെളിവു രേഖകൾ ഹാജരാക്കാതെ ആദ്യതവണ പൂർത്തീകരണ കാലാവധി നീട്ടി നൽകിയതും, പ്രവൃത്തി പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിച്ചു മാത്രമേ സൈറ്റ് കൈമാറാവൂ എന്നതിനാലും , നിയമാനുസൃത പൂർത്തീകരണ കാലയളവിൽ മരങ്ങൾ മുറിച്ച് മാറ്റാതെ ആയവ മുറിച്ച് മാറ്റുന്നതിന് മാത്രം അധിക മൂന്ന്മാസക്കാലാവധിക്ക് അപേക്ഷിക്കുകയും യുക്തിരഹിതമായി ആയത് അനുവദിക്കുകയും ചെയ്ത നടപടി അംഗീകരിക്കാൻ നിർവാഹമില്ല. ആയതിനാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

ക്രമനം		
	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	SO 189/24 127ാം നമ്പർ അങ്കണവാടി പുനരുദ്ധരണം
	അടങ്കൽ തുക & ഫണ്ടിനം	200000/- (MGR)
	ചെലവിനം , ബിൽ നമ്പർ തീയ്യതി	200000/- BRN- 24150552038901698257/ 25.03.2025
	TS നമ്പർ , തീയ്യതി , പൂർത്തീകരണ	96217/202302024 Dtd. 22.01.2024

	കാലാവധി	7 മാസം
	എഗ്രിമെന്റ് നമ്പറും തീയ്യതിയും	99/AE/LID &EW /TNYA/2023-2024 Dtd 29.02.2024
	സൈറ്റ് കൈമാറിയ തീയ്യതി	10.03.2024
	PAC തുക	185831/-
	കരാറുകാരന്റെ പേര്	ഹംസ. എ.
	പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	09. 10.2024
	പൂർത്തീകരിച്ച തീയ്യതി	21.03.2025
	അളവു പുസ്തകം നമ്പർ	EMB
	ഈടാക്കേണ്ട പിഴ	10.10.2024 TO 09. 01.2025 1 % OF PAC = 1858/- 10.01.2025 TO 21.03.2025 = 73 DAYS @ 2% Of PAC =3014/- ആകെ പിഴ -4872/-
	ഈടാക്കിയ പിഴ	0
	ബാക്കി	4872/-

3. 23/23-24 പിലാവിൻചോട്- തങ്ങൾപ്പടി റോഡ് നവീകരണം

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവഹണോദ്യോഗസ്ഥൻ സമർപ്പിച്ച 24.09.2025-ലെ AE/LID& EW/TNYA/68/2025-25 നമ്പർ കത്തിൽ, കാലം തെറ്റിയ ശക്തമായ മഴ കാരണവും, കരാറുകാരന് ആരോഗ്യ സംബന്ധമായ ബുദ്ധിമുട്ടുകൾ കാരണത്താലും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞിട്ടുണ്ട്. സ്പഷ്ടമായ തെളിവു രേഖകൾ ഇല്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. താഴെ പറയുംപ്രകാരം പിഴ തുക ഉത്തരവാദികളിൽ നിന്നോ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം

ക്രമനം	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	23/23-24 പിലാവിൻചോട്- തങ്ങൾപ്പടി റോഡ് നവീകരണം
	അടങ്കൽ തുക & ഫണ്ടിനം	450000/- (MGR)
	ചെലവിനം , ബിൽ നമ്പർ തീയ്യതി	450000/- (BRN- 24150552038901299037/ 10.02.2025)
	TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	76312/23-24 Dtd. 18.12.23 8 മാസം
	എഗ്രിമെന്റ് നമ്പറും തീയ്യതിയും	84/AE/LID & EW/TNYA/ 2023-24 Dtd. 16.02. 2024
	സൈറ്റ് കൈമാറിയ തീയ്യതി	05.03.2024
	PAC തുക	418928/-
	കരാറുകാരന്റെ പേര്	ശ്രീ അബൂബക്കർ, ആയപ്പള്ളി
	പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	04. 11.2024
	പൂർത്തീകരിച്ച തീയ്യതി	24.01.2025
	അളവു പുസ്തകം നമ്പർ	Emb
	ഈടാക്കേണ്ട പിഴ	05.11.2024 മുതൽ 24.01.2025 വരെ 81 ദിവസത്തിന് 3729 രൂപ
	ഈടാക്കിയ പിഴ	0
	ബാക്കി	3729 രൂപ

4 . അങ്കത്തിൽപടി SC കോളനി റോഡ് നവീകരണം

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലതാമസത്തിന് നിർവഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയോടൊപ്പം ലഭ്യമാക്കിയ, കരാറുകാരന്റെ തീയ്യതിയും അധിക കാലാവധിയും രേഖപ്പെടുത്താത്ത കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സമിതി 14.10.2024- ലെ 1(2) നമ്പർ തീരുമാനപ്രകാരം പൂർത്തീകരണ കാലാവധി 15.12.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്നു. എന്നാൽ ഈ കാലയലവിനുള്ളിലും കരാറുകാരൻ പണി പൂർത്തീകരിക്കുകയോ രണ്ടാംഘട്ട അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. മറുപടിയോടൊപ്പം രണ്ടാംഘട്ട അപേക്ഷയോ തുടർ നടപടികൾ സംബന്ധിച്ച രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ പഞ്ചായത്ത് സമിതി 28.02.2025-ലെ 1(6) നമ്പർ തീരുമാനപ്രകാരം പൂർത്തീകരണ കാലാവധി (കരാറുകാരന്റെ അപേക്ഷയോ, തുടർ നടപടികളോ ഇല്ലാതെത്തന്നെ) 31.03.2025 വരെ ദീർഘിപ്പിച്ചു നൽകിയതായിട്ടാണ് കാണുന്നത്. (വിവിധ കാരണങ്ങൾ കാണിച്ച് കരാറുകാർ നൽകിയ അപേക്ഷകൾ പരിഗണിച്ച് കാലാവധി 31.03.2025 വരെ ദീർഘിപ്പിക്കുന്നു എന്നാണ് ടി തീരുമാനത്തിൽ പറഞ്ഞിട്ടുള്ളത്.) ഇതംഗീകരിക്കാൻ നിർവാഹമില്ല.

ക്രമനം	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	53/23-24 (219/25) അങ്കത്തിൽപടി SC കോളനി റോഡ് നവീകരണം
	അടങ്കൽ തുക & ഫണ്ടിനം	235000/- MGR
	ചെലവിനം , ബിൽ നമ്പർ തീയ്യതി	235000/- (BRN- 241505520389015637 35/ 17.03.2025)
	TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	84983/ 01.01.24 8 മാസം
	എഗ്രിമെന്റ് നമ്പറും തീയ്യതിയും	69 /AE/LID & EW/TNYA/ 2023-24 Dtd. 16.02. 2024
	സൈറ്റ് കൈമാറിയ തീയ്യതി	16.02.24
	PAC തുക	218520/-
	കരാറുകാരന്റെ പേര്	ശ്രീ ഹുസൈൻ .വി
	പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	15.10.24 (കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അധികസമയമനുവദിച്ചതിനാൽ , പൂർത്തീകരണ കാലാവധി 14.12.2024
	പൂർത്തീകരിച്ച തീയ്യതി	06.03.2025
	അളവു പുസ്തകം നമ്പർ	Emb
	ഈടാക്കേണ്ട പിഴ	15.12.2024 മുതൽ 06.03.2025 വരെ 82 ദിവസത്തിന് PAC യുടെ 1 % നിരക്കിൽ 1969/-
	ഈടാക്കിയ പിഴ	0
	ബാക്കി	1969/-

ആയതിനാൽ പട്ടികയിൽ പറഞ്ഞ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

5 വിദ്യാഭവൻ- ശ്മശാനം റോഡ് പുനരുദ്ധാരണം

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിയുമായി ബന്ധപ്പെട്ട പിഴതുക 5894 രൂപ 29.09.2025-ലെ RG 101305-25004215 ാം രനമ്പർ രശീതി പ്രകാരം ഒടുക്കിയതിനാൽ പരാമർശം ഒഴിവാക്കി.

6. സർക്കാർ സ്ഥാപനങ്ങളിൽ ശുചിപൂർണ സോക്കറ്റ് നിർമാണം

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 27.07.2024 അവസാനിച്ചെങ്കിലും പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ തീയ്യതി രേഖപ്പെടുത്താത്ത അപേക്ഷ പ്രകാരം പഞ്ചായത്ത് സമിതി കരാറുകാരന്റെ 16.12.2024 വരെ ദീർഘിപ്പിച്ച് നൽകിയത് അംഗീകരിക്കുന്നു. എന്നാൽ പിന്നീട്, ഡിസംബർ , ജനുവരി , ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കാലം തെറ്റി മഴപെയ്തതിനാൽ വീണ്ടും കാലാവധി ദീർഘിപ്പിക്കേണ്ടി വന്നു എന്ന മറുപടി

അടിസ്ഥാനരഹിതമായതിനാൽ അംഗീകരിക്കാൻ നിർവാഹമില്ല. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ 31.03.2025 വരെ കാലാവധി നീട്ടിക്കൊടുത്ത നടപടിയും അംഗീകരിക്കാൻ നിർവാഹമില്ല. ആയതിനാൽ ഭരണ സമിതി ദീർഘിപ്പിച്ചു നൽകിയ ആദ്യ കാലയളവിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെയുള്ള കാലയളവിലേക്ക് താഴെ പറയും പ്രകാരം പിഴ ഈടാക്കണം.

ക്രമനം	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	223/23-24 സർക്കാർ സ്ഥാപനങ്ങളിൽ ശുചിപൂർണ സോക്കറ്റ് നിർമാണം
	അടങ്കൽ തുക & ഫണ്ടിനം	294000/- മറ്റുള്ളവ 1260000/- വികസന ഫണ്ട്
	ചെലവിനം , ബിൽ നമ്പർ തീയ്യതി	294000/ (TG-10130525000020/25.03.2025 126000/- BRN-
	TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	77933/ 23-24 / 20.12.23 8Months
	എഗ്രിമെന്റ് നമ്പറും തീയ്യതിയും	64/AE/LID & EW/TNYA/ 2023-24 Dtd. 16.02. 2024
	സൈറ്റ് കൈമാറിയ തീയ്യതി	25.12.2024
	PAC തുക	391455/-
	കരാറുകാരന്റെ പേര്	ശ്രീ അബ്ദുസ്സമദ് സമദാനി
	പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	24.10.24 (പഞ്ചായത്ത് ഭരണ സമിതിയുടെ 01.10.2024 Lതീയ്യതിയിലെ 1(6) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ട തീയ്യതി = 16.12.2024
	പൂർത്തീകരിച്ച തീയ്യതി	23.03.2025
	അളവു പുസ്തകം നമ്പർ	Emb
	ഈടാക്കേണ്ട പിഴ	17.12.2024 മുതൽ 16.03.2025 വരെ ആദ്യ 3 മാസത്തിന് PAC യുടെ 1% തുക = 3914/- 17.03.2025 മുതൽ 23.03.2025 വരെ 7 ദിവസത്തിന് PACയുടെ 2% നിരക്കിൽ = 602 രൂപ (മിനിമം 2000 രൂപ) ആകെ- 5914 രൂപ
	ഈടാക്കിയ പിഴ	0
	ബാക്കി	5914 രൂപ

7 തിരുത്തി GMLPSന് സാനിറ്ററി കോംപ്ലക്സ്

ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 06. 11.2024 അവസാനിച്ചെങ്കിലും പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ തീയ്യതി രേഖപ്പെടുത്താത്ത അപേക്ഷ പ്രകാരം പഞ്ചായത്ത് സമിതി 25.12.2024 വരെ ദീർഘിപ്പിച്ച് നൽകിയത് അംഗീകരിക്കുന്നു. എന്നാൽ പിന്നീട്, , ജനുവരി , ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കാലം തെറ്റി മഴപെയ്തതിനാൽ വീണ്ടും കാലാവധി ദീർഘിപ്പിക്കേണ്ടി വന്നു എന്ന മറുപടി അടിസ്ഥാന രഹിതമായതിനാൽ അംഗീകരിക്കാൻ നിർവാഹമില്ല. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ 31.03.2025 വരെ കാലാവധി നീട്ടിക്കൊടുത്ത നടപടിയും അംഗീകരിക്കാൻ നിർവാഹമില്ല. ആയതിനാൽ ഭരണ സമിതി ദീർഘിപ്പിച്ചു നൽകിയ ആദ്യ കാലയളവിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നത് വരെയുള്ള കാലയളവിലേക്ക് താഴെ പറയും പ്രകാരം പിഴ ഈടാക്കണം.

ക്രമനം	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	213.24 തിരുത്തി GMLPSന് സാനിറ്ററി കോംപ്ലക്സ്

	അടങ്കൽ തുക & ഫണ്ടിനം	500000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
	ചെലവിനം , ബിൽ നമ്പർ തീയ്യതി	500000/- (XVFC2024-25 (P) 107/ 14.03.2025)
	TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	99571/23-24 Dtd. 30.01.2024 8Months
	എഗ്രിമെന്റ് നമ്പറും തീയ്യതിയും	85/AE/LID & EW/TNYA/ 2023-24 Dtd. 26.02. 2024
	സൈറ്റ് കൈമാറിയ തീയ്യതി	07.03.2024
	PAC തുക	465319/-
	കരാറുകാരന്റെ പേര്	ശ്രീ ഷാഹുൽ ഹമീദ് . വി.പി.
	പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	06. 11.2024 (പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ട തീയ്യതി = 25.12.2024
	പൂർത്തീകരിച്ച തീയ്യതി	19.03.2025
	അളവു പുസ്തകം നമ്പർ	Emb
	ഈടാക്കേണ്ട പിഴ	26.12.2024 മുതൽ 19.03.2025 വരെ 84 ദിവസത്തിന് PACയുടെ 1% നിരക്കിൽ = 4295 രൂപ
	ഈടാക്കിയ പിഴ	0
	ബാക്കി	4295 /-

8. ആശാരി കോളനി റോഡ് പുനരുദ്ധാരണം

ഈ പ്രവൃത്തി കരാറെടുത്ത ശ്രീ ഹുസൈൻ . വി എന്നവർ AE ക്ക് സമർപ്പിച്ച തീയ്യതി രേഖപ്പെടുത്താത്ത അപേക്ഷയിൽ , ഈ വർക്കുകൾ ലോക്സഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ആസമയത്ത് നിയമപരമായി പണി തുടങ്ങാൻ കഴിഞ്ഞിരുന്നില്ല എന്നും പെരുമാറ്റച്ചട്ടം അവസാനിച്ച മുറയ്ക്ക് മഴ ചെയ്തതിനാൽ പിന്നെയും പണി തുടങ്ങാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ കാലാവധി നീട്ടി നൽകണമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി കരാർ വെക്കുന്നത് 16.02.2024 നും സൈറ്റ് കൈമാറുന്നത് 23.02.2024 നുമാണ്. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി 22.10.2024 നുമാണ്. എന്നാൽ പ്രവൃത്തി പ്രദേശം കൈമാറിയ 23.02.2024 മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നതായി AE അറിയിച്ച 18.10 2024 വരെ വർക്ക് തുടങ്ങാതിരിക്കുകയും ചെയ്തിട്ട് , പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ വർക്ക് തുടങ്ങാൻ കഴിയില്ലെന്നും അതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടിനൽകമെന്നുമുള്ള യുക്തിരഹിതമായ വാദം അംഗീകരിക്കാൻ നിർവാഹമില്ല. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയ നടപടിയും അംഗീകരിക്കുന്നില്ല. ആയതിനാൽ താഴെപറയുന്ന പിഴതുക ഉത്തരവാദികളിൽ നിന്നും ഈടാക്കണം

ക്രമനം	പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	273/24 ആശാരി കോളനി റോഡ് പുനരുദ്ദാരണം
	അടങ്കൽ തുക & ഫണ്ടിനം	300000/- MGR
	ചെലവിനം , ബിൽ നമ്പർ തീയ്യതി	300000/- (BRN-241505520389015637 44/17.03.25
	TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	84969/23-24
	എഗ്രിമെന്റ് നമ്പറും തീയ്യതിയും	70/AE//LID & EW/TNYA/ 2023-24 Dtd. 16 02. 2024
	സൈറ്റ് കൈമാറിയ തീയ്യതി	23.02.2024
	PAC തുക	278973/-
	കരാറുകാരന്റെ പേര്	ശ്രീ ഹുസൈൻ .വി

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	22.10.24
പൂർത്തീകരിച്ച തീയ്യതി	12.03.2025
അളവു പുസ്തകം നമ്പർ	Emb
ഈടാക്കേണ്ട പിഴ	23.10.24 To 22. 01.2025 - 1% = 2789/- 23.01.2025 To 12.03.25 - 49 ദിവസം @ 2% Of 2789 = 3004 ആകെ പിഴ- 5793/-
ഈടാക്കിയ പിഴ	0
ബാക്കി	5793/-

മേൽ പറഞ്ഞ കാരണങ്ങളാൽ പഞ്ചായത്തിന് പിഴയിനത്തിൽ നിയമാനുസൃതമായി ലഭിക്കേണ്ട 29689 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

1-35 എ.എം.എൽ.പി.എസ്- വൈരംങ്കോട് റോഡ് കോൺക്രീറ്റ്- ഒരേ പ്രവൃത്തി പ്രദേശത്ത് എം.എൽ.എ ഫണ്ടും പഞ്ചായത്ത് ഫണ്ടും വിനിയോഗിച്ചത് ക്രമപ്രകാരമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2024-2025 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം പൂർത്തിയാക്കിയ എ.എം.എൽ.പി.എസ്- വൈരംങ്കോട് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

പ്രവൃത്തിയുടെ പ്രൊജക്ട് നമ്പറും പേരും	135/23-24 (238/25) എ.എം.എൽ.പി.എസ്- വൈരംങ്കോട് റോഡ് കോൺക്രീറ്റ്
അടങ്കൽ തുക & ഫണ്ടിനം	200000/- തനത് ഫണ്ട്
ചെലവിനം , ബിൽ/ വൗച്ചർ നമ്പർ & തീയ്യതി	199852/- വൗച്ചർ നമ്പർ 22401054/ 25.02.2025
TS നമ്പർ , തീയ്യതി , പൂർത്തീകരണ കാലാവധി	34107/23-24 8Months
എഗ്രിമെന്റ് നമ്പറും തീയ്യതിയും	28/AE/LID & EW/TNYA/ 2023-24 Dtd. 18.11. 2023
സൈറ്റ് കൈമാറിയ തീയ്യതി	28.11.2023
PAC തുക	169384/-
കരാറുകാരന്റെ പേര്	ശ്രീ കുഞ്ഞഹമ്മദ് . സി.പി.
പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി	27. 07.2024
പൂർത്തീകരിച്ച തീയ്യതി	29.01.2025
അളവു പുസ്തകം നമ്പർ	Emb

ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിപത്രം പ്രകാരം പൂർത്തീകരണ കാലയളവ് 8 മാസമായിരുന്നു. പ്രവൃത്തി പ്രദേശം 28.11.2023 ന് കരാറുകാരന് കൈമാറി . 27.07.2024 തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തിയാക്കിയത് 29.01.2025 തീയ്യതിയിലാണ്. പിഴതുക ഈടാക്കാതെ പൂർത്തീകരണ കാലാവധി

അധികം ഉപയോഗിച്ചത് സംബന്ധിച്ച 24.09.2025 -ലെ 34 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അസി.എഞ്ചിനീയർ 24.09.2025 ന് നൽകിയ മറുപടിയിൽ, ഈ പ്രവൃത്തി പ്രദേശത്ത് പ്രവൃത്തി തുടങ്ങുന്നതിനു മുമ്പ് തന്നെ പ്രദേശ വാസികൾ തടസ്സം നിൽക്കുകയും അതേ പ്രദേശത്ത് തന്നെ എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമാണം നടത്തുന്നുണ്ടെന്നും വാർഡ് മെമ്പറും പ്രദേശവാസികളും അറിയിച്ചതിനെ തുടർന്നാണ് പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്ന് പറഞ്ഞിട്ടുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രവൃത്തി പ്രദേശത്ത് എന്തടിസ്ഥാനത്തിലാണ് പഞ്ചായത്ത് പ്രൊജക്ട് അംഗീകാരം ലഭ്യമാക്കി പ്രവൃത്തി നിർവഹിച്ചത് എന്ന് വ്യക്തമല്ല.

ഈ പ്രവൃത്തി കരാറെടുത്ത ശ്രീ സി.പി. കുഞ്ഞഹമ്മദ് എന്നവർ ,അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ തീയ്യതി രേഖപ്പെടുത്താത്ത കത്തിൽ, പഞ്ചായത്ത് വർക്ക് നടത്താനുദ്ദേശിക്കുന്ന സ്ഥലത്ത് എം.എൽ.എ. വർക്ക് നടത്തുന്നുണ്ടെന്നാണ് പ്രദേശവാസികൾ പറഞ്ഞതെന്നും , ഈ സാഹചര്യത്തിൽ വർക്ക് എവിടെ എങ്ങനെ നടത്തണമെന്ന് ബന്ധപ്പെട്ടവർ തീർച്ചപ്പെടുത്തിത്തരികയോ അല്ലാത്ത പക്ഷം ,ടെൻഡർ ഷെഡ്യൂൾ, EMD, FD എന്നിവയുടെ തുകകൾ തിരിച്ചു നൽകുകയോ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ആയതിനാൽ ഒരേ പ്രദേശത്ത് ഓരേ പ്രവൃത്തി തന്നെയാണോ രണ്ട് ഏജൻസികളും നിർവഹിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. കരാറുകാരന്റെ അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികളും വ്യക്തമല്ല. പഞ്ചായത്ത് വർക്ക് നടത്താനുദ്ദേശിക്കുന്ന സ്ഥലത്ത് എം.എൽ.എ. വർക്ക് നടത്തുന്നുണ്ടെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത് എന്നിരിക്കെ ഈ പ്രൊജക്ടിന് 199852 രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല. സാധുവായ വിശദീകരണത്തിന് വിധേയമായി ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണപ്രക്രിയയിലെ അപാകതകൾ - അവലോകനം

തിരുന്നാവായ ഗ്രാമ പഞ്ചായത്ത് 2024-2025 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ ഉൾപ്പെടെ 201 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കി അതിൽ സ്പിൽഓവർ ഉൾപ്പെടെ 109 പ്രൊജക്ടുകൾ നടപ്പാക്കിയില്ല . ഇതിൽ 6 സ്പിൽ ഓവർ പ്രജക്ടുകൾ കൂടി ഉൾപ്പെടുന്നു. ആകെ 203066752 രൂപയുടെ അടങ്കൽ ഉണ്ടെങ്കിലും 106002628 രൂപയാണ് ചെലവഴിക്കപ്പെട്ടത് . അടങ്കൽ തുകയുടെ ഏകദേശം 50% തുകയാണ് തൻ വർഷത്തിൽ ചെലവു വന്നിട്ടുള്ളത്.

നിർവഹിക്കപ്പെട്ട പ്രൊജക്ടുകളിൽ ഭൂരിഭാഗവും നിർവഹണത്തിൽ സമയ നിഷ്ഠ പാലിച്ചതായി കാണുന്നില്ല. വികസന പദ്ധതികളുടെ പൂർത്തീകരണത്തിൽ സമയക്രമത്തിന് നിർണായകമായ പങ്കുണ്ടെന്നിരിക്കെ അനുവദിക്കപ്പെട്ട കാലയളവിനുള്ളിൽ ഭൂരിഭാഗം പ്രൊജക്ടുകളും പൂർത്തീകരിച്ചിട്ടില്ല. താരതമ്യേന ചെറിയ പ്രൊജക്ടുകൾക്ക് ഉൾപ്പെടെ യുക്തിരഹിതമായ രീതിയിൽ സമയക്രമമനുവദിച്ചതായി കാണുന്നു. പല പ്രൊജക്ടുകൾക്കും ആവശ്യത്തിലധികം സമയമനുവദിച്ചിട്ടും സമയ ബന്ധിതമായി പ്രവർത്തി ആരംഭിക്കാതെ അനുവദിക്കപ്പെട്ട കാലയളവിന്റെ അവസാന ഘട്ടത്തിൽ , മോശമായ കാലാവസ്ഥ ഉൾപ്പെടെയുള്ള കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കരാറുകാർ നൽകിയ അപേക്ഷയിന്മേൽ യുക്തിസഹമല്ലാത്ത രീതിയിൽ അധികസമയമനുവദിച്ചതായി കാണുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും സമഗ്രമായ പ്രവർത്തന കലണ്ടർ തയ്യാറാക്കി അതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ നിരന്തരമായ നിരീക്ഷണം നിർവഹണോദ്യോഗസ്ഥന്റേയും ഭരണസമിതിയുടേയും ഭാഗത്ത് നിന്നുണ്ടാകേണ്ടതുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-10000/- രൂപ അധികം നൽകി

നിർവ്വഹണം : അസി.സെക്രട്ടറി

പ്രൊജക്ടിന്റെപേര് : SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (370/2025)

അടങ്കൽ : 1000000/-(599795എസ്.സി.പി, 400205 ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ ചെലവ് :475000/- (എസ്.സി.പി)

BRN- 241505520339017128O6/26.3.2025 ₹475000/-

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 115/2022 /LSGD/28.5.22) ഖ.നം 7.2.4 ഉത്തരവു പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് തുക നൽകാവുന്നതാണ്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ തവനൂർ ഗവ.ആർട്സ് & സയൻസ് കോളേജിൽ രണ്ടാം വർഷം ഇന്റഗ്രേറ്റഡ് എം.എ. പൊളിറ്റിക്കൽ സയൻസ് & ഇന്റർനാഷണൽ റിലേഷൻ കോഴ്സിനു പഠിയ്ക്കുന്ന അനുശ്രീ എ.പി എന്ന ഗുണഭോക്താവിന് 30000/-രൂപ അനുവദിച്ചിരിക്കുന്നു. മേൽ ഉത്തരവു പ്രകാരം ഈ ഗുണഭോക്താവിന് 20000/-രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. ഈ ഇനത്തിൽ 10000/- രൂപ അധികം അനുവദിച്ചിരിക്കുന്നു. മേൽ കോഴ്സിൽ ആദ്യ മൂന്ന് വർഷം ബിരുദ കോഴ്സായാണ് കണക്കാക്കുന്നത്.

അപാകതകൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കാനും അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/23.9.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താവിന് ഇന്റഗ്രേറ്റഡ് എം.എ.പൊളിറ്റിക്കൽ സയൻസ് എന്ന 5 വർഷം ബിരുദമുൾപ്പെടെ ബിരുദാനന്തര ബിരുദം ഉൾപ്പെട്ട കോഴ്സായതിനാലാണ് നിലവിൽ 30000/- രൂപ നൽകിയതെന്നാണ് അറിയിച്ചത്. മേൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ കോഴ്സിൽ ആദ്യ മൂന്ന് വർഷം ബിരുദ കോഴ്സായാണ് കണക്കാക്കുന്നത്. ബിരുദ കോഴ്സിന് പഠിക്കുന്ന വിദ്യാർഥിക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം 20000/- മാത്രമാണ് അർഹത. അധികം നൽകിയ 10000/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്- അവലോകനം

കാവനൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റ് എന്ഡക്വയറി നമ്പർ 02/16.09.2025 ന് നൽകിയ മറുപടി പ്രകാരം ചുവടെ ചേർക്കുന്നു.

1). മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
16	88500	88500	0	-

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2). മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3). മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4). മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പ്രൊജക്ട് നം , പേര്	ലഭിച്ച തുക (₹)	ചെലവഴിച്ച തുക (₹)	നീക്കിയിരിപ്പ് (₹)
ബ്ലോക്ക് പഞ്ചായത്ത്	8/2025 - നെൽകൃഷിയ്ക്ക് വിത്ത് വിതരണവും കൂലിച്ചെലവ് സബ്സിഡിയും	513360	513360	0
	17/2025 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	50000	50000	0
	21/2025 - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	333000	333000	0
	31/2025 - ലൈഫ് എസ്.സി 2024-25	630000	630000	0
	277/2025 - ലൈഫ് ഭവനപദ്ധതി എസ്സി 2023-24	50000	50000	0
	157/2025 - നെൽകൃഷിയ്ക്ക് വിത്ത് വിതരണവും കൂലിച്ചെലവ് സബ്സിഡിയും(സ്പിൽ ഓവർ)	61084	61084	0
	ആകെ	1637444	1637444	0
ജില്ലാ പഞ്ചായത്ത്	21/2025 - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	155000	155000	0
	22/25 ലൈഫ് 2024-25	800000	800000	0
	165/25 - ചൂണ്ടിക്കൽ പാലപ്പറമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ	500000	500000	0
	155/25 -തിരുന്നാവായ 155 നമ്പർ മാതൃക അങ്കണവാടി നിർമ്മാണം	1343290	1343290	0
	ആകെ	2798290	2798290	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നം.,തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	വലിയ പറപ്പൂർ -നാഗപ്പറമ്പ് റോഡിലെ വൈദ്യുതി പോസ്റ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം. 291/25)	വൗച്ചർ നമ്പർ: 42400526/19.10.24	1300000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1300000

	201/25 – വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ	വൗച്ചർ നമ്പർ: 42401004/4.02.2025	5580	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	5580

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ക്രമ നം.	വായ്പയുടെ പേര് / ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം ലഭ്യമായ വായ്പ തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
1	ലൈഫ് ഭവനപദ്ധതി – KURDFC	–	34295599	9691676	3820409	0	40166866

4-7 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹)	55,000
തൻവർഷം നിക്ഷേപിച്ച തുക (പലിശ) (₹)	0
ആകെ (₹)	55,000
തന്നാണ്ടിൽ പിൻവലിച്ച തുക (₹)	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹)	55,000

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

നിക്ഷേപത്തിന്റെ വിവരം	തുക (₹)	രശീതി നമ്പർ/തിയ്യതി
മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ	2,000	1436/27.07.1987
മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ്, കുറ്റിപ്പുറം	50,000	258/03.08.1996
മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ	3,000	045/09.01.1994
ആകെ	55,000	

കുറിപ്പ് :- സ്ഥിര നിക്ഷേപം ഇനത്തിൽ വാർഷികകണക്കിൽ ബാലൻസുള്ള 55,000/- രൂപ വർഷങ്ങളായി തുടരുന്നതും എന്നാൽ പലിശയിനത്തിലോ മറ്റോ വരവ് ഇല്ലാത്തതുമാണ്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ രസീതുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി
2023-24	2-19	2368	അസിസ്റ്റന്റ് എഞ്ചിനീയർ	1241100729/20.09.24
2023-24	2-19	5211	അസിസ്റ്റന്റ് എഞ്ചിനീയർ	1241100782/20.09.24

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ക്രമ നം	ഓഡിറ്റ് വർഷം / ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ
1	2011-12& 2012-13 /2(1)	2014-15	ഷോപ്പിംഗ് കോംപ്ലക്സ്	26.05.2016 ന് ലേലം നടന്നു. 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു
2	2014-15/ 2(5), 2(3),	2016-17		
3	2015-16/ 2(1), 2(2)	2016-17		

4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക (₹)	അവശേഷിക്കുന്ന തുക (₹)
				നമ്പർ, തിയ്യതി	തുക (₹)			ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)		
1	2006-07	2-9, 2-14	വി കെ മോഹനകൃഷ്ണൻ, സെക്രട്ടറി	എൽ.എഫ്.10407/ സ്പെ.സെൽ/ എസ്.സി.ഡി.1/12, തിയ്യതി 18.09.14	9,536	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9,536

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	സർചാർജ്ജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക (₹)	അവശേഷിക്കുന്ന തുക (₹)
				നമ്പർ, തിയ്യതി	തുക (₹)			ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)		
1	2006-07	3-1 3-10	വി.കെ. മോഹനകൃഷ്ണൻ, സെക്രട്ടറി	എൽ.എഫ്.110407/ സ്പെ.സെൽ/ എസ്.സി.ഡി1/12, തിയ്യതി 17.06.15	40,371	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	40,371
2	2006-07	3-8		എൽ.എഫ്.110407/ സ്പെ.സെൽ/ എസ്.സി.ഡി.1/12, തിയ്യതി 17.06.15	4,773	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4,773

4-11 ഓഡിറ്റ് പ്രത്യവലോകനം

0എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	121230241
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	97247924
വരവിനങ്ങളിലെ നഷ്ടം (₹)	0

ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	10000
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹)	4481551

ബി). പഞ്ചായത്ത് ഫണ്ടിനു ണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1-	10000/-	ശ്രീ സനിൽകുമാർ എസ്.എസ്., അസിസ്റ്റന്റ് സെക്രട്ടറി

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	2371749	ശ്രീ. സന്തോഷ് കുമാർ. ജി സെക്രട്ടറി
1-28	460,000	ശ്രീ. സന്തോഷ് കുമാർ. ജി സെക്രട്ടറി
1-30	1359950	ശ്രീ.ബാബു മോൻ, വി.ഇ.ഒ
1-33 (Sl.No.3,4)	40000	ശ്രീ. സുനിൽ കുമാർ.എസ്.എസ്. അസി. സെക്രട്ടറി
1-35	199852	ശ്രീ നാരായണൻ എം. അസിസ്റ്റന്റ് എഞ്ചിനീയർ
1-20	50000	ശ്രീ മൊയ്തീൻ.കെ.പി, മെഡിക്കൽ ഓഫീസർ(പി.എച്ച്,സി)
ആകെ	4481551	

ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
3-1-	10000/-	ശ്രീ സനിൽകുമാർ എസ്.എസ്., അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ സനിൽകുമാർ അസിസ്റ്റന്റ് സെക്രട്ടറി നിവായിക്കുളം ഗ്രാമ പഞ്ചായത്ത് നാവായിക്കുളം പി.ഒ. പിൻ- 695603 Saniissattingal@Gmail.Com	ശ്രീ സനിൽകുമാർ , സെലിൻലാന്റ് അവനവൻചേരി പി.ഒ, ആറ്റിങ്ങൽ- 695103

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ക്രമ നം.	ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1	1980-81	എൽ.എഫ്.എം.7/1082/94, തിയ്യതി : 31.08.2004	3
2	1982-83	എൽ.എഫ്.എം.7/1084/94, തിയ്യതി : 31.08.2004	1
3	1983-84	എൽ.എഫ്.എം.7/1085/94, തിയ്യതി : 31.08.2004	8
4	1984-85	എൽ.എഫ്.എം.7/1086/94, തിയ്യതി : 31.08.2004	7
5	1985-86	എൽ.എഫ്.എം.7/1087/94, തിയ്യതി : 31.08.2004	10
6	1986-87	എൽ.എഫ്.എം.7/1088/94, തിയ്യതി : 31.08.2004	12
7	1987-89	എൽ.എഫ്.എം.7/1069/94, തിയ്യതി : 04.05.1994	17
8	1989-91	എൽ.എഫ്.എം.7/1084/94, തിയ്യതി : 06.02.1995	12
9	1991-92	എൽ.എഫ്.എം.7/1089/94, തിയ്യതി : 31.08.1994	7
10	1994-96	എൽ.എഫ്.എം.5/868/99, തിയ്യതി : 05.10.1999	4
11	1997-98 (പദ്ധതി ചെലവ് ഒഴികെ)	കെ.എസ്.എ.എം.പി.എം.17/37/22(2), തിയതി : 29.09.2022	1
12	1998-99 (പദ്ധതി ചെലവ് ഒഴികെ)	എൽ.എഫ്.എം.7/2376/07, തിയ്യതി : 06.02.2009	1
13	1999-2000 (പദ്ധതി ചെലവ് ഒഴികെ)	എൽ.എഫ്.എം.7/2373/07, തിയ്യതി : 06.02.2009	4
14	1997-98 മുതൽ 1999-2000 വരെ (പദ്ധതി ചെലവ് ഒഴികെ)	എൽ.എഫ്.എം.16/1617/07, തിയ്യതി : 28.09.2005	23
15	2000-01	കെ.എസ്.എ.എം.പി.എം.17/37/22(3), തിയതി : 29.09.2022	10
16	2001-02	കെ.എസ്.എ.എം.പി.എം.17/134/25, തിയതി : 08.05.2025	3
17	2002-03	കെ.എസ്.എ.എം.പി.എം.17/134/25(1), തിയതി : 13.05.2025	3
18	2003-04	കെ.എസ്.എ.എം.പി.എം.17/134/25(2), തിയതി : 13.05.2025	12
19	2004-05	കെ.എസ്.എ.എം.പി.എം.17/134/25, തിയതി : 19.05.2025	14
20	2005-06	കെ.എസ്.എ.എം.പി.എം.17/134/25(4), തിയതി : 13.05.2025	23
21	2006-07	കെ.എസ്.എ.എം.പി.എം.17/134/25(5), തിയതി : 14.05.2025	38
22	2007-08	എൽ.എഫ്.എം.14/1490/10, തിയ്യതി : 18.07.2009	42
23	2008-09, 2009-10, 2010-11	എൽ.എഫ്.എം.17/201/2013, തിയ്യതി : 12.07.2013	25

24	2011-12, 2012-13	എൽ.എഫ്.എം.17/1357/2014, തിയ്യതി : 11.12.2014	19
25	2013-14, 2014-15	എൽ.എഫ്.എം.17/1925/2016, തിയ്യതി : 30.01.2017	18
26	2015-16	കെ.എസ്.എ.എം.പി.എം.17/3282/2016	16
27	2016-17	കെ.എസ്.എ.എം.പി.എം.17/2242/2017, തിയതി : 19.07.2018	11
28	2017-18	കെ.എസ്.എ.എം.പി.എം.17/224/2019, തിയതി : 22.10.2021	29
29	2018-19	കെ.എസ്.എ.എം.പി.എം.17/226/20, തിയതി : 14.10.2020	9
30	2019-20	കെ.എസ്.എ.എം.പി.എം.17/654/22, തിയതി : 28.08.2022	14
31	2020-21	കെ.എസ്.എ.എം.പി.എം.17/655/22, തിയതി : 06.06.2023	23
32	2021-22	കെ.എസ്.എ.എം.പി.എം.17/3093/22, തിയതി : 06.06.2023	19
33	2022-23	കെ.എസ്.എ.എം.പി.എം.17/2229/2023(1), തിയതി : 02.02.2024	27
34	2023-24	കെ.എസ്.എ.എം.പി.എം.17/2104/2024, തിയതി : 02.11.2024	32

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 23-07-2025 and submitted on 26-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Tirunnavaya Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tirunnavaya Grama Panchayat as on 31-03-2025

Date: 24/11/2025

Deputy Director
District Office Malappuram
Kerala State Audit Department

Audit Report appended to the Audit Certificate of Tirunnavaya Grama Panchayat for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1.The following mandatory financial statements prescribed in accounting rules are not submitted for auditing.

- Notes on accounts
- Comparative amounts
- Ratios

2.Cashflow statement - Net increase in cashflow does not match with the difference between the opening balance
and closing balance of cash and cash equivalents.
3. Expenditure as per the A.C.R does not match with A.F.S
4. The details of the opening balance of the deposit does not recorded in the deposit register
5.Advance register is not updated
6.cheque deposisted in the kerala gramin bank (A/C NO: 40105100112026) is still remaining as uncleared
7. As per the MGNREGS cash book, the amount directly given to the beneficiaries is 14654889/-, but in the annual financial statement it is marked as Rs.13973977/-.
8.As per the rent register The amount has to be collected from the item rent is Rs.592351/-. but in the annual financial statement it is marked as 831458/-

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്